# പ്രകൃതി പാഠങ്ങൾ

ഡോക്ടർ കെ. ഭാസ്കരൻ നായർ

Digitized by Kerala Sahitya Akademi

# പ്രകൃതിപാഠങ്ങൾ

Digitized by Kerala Sahitya Akademi

Digitized by Kerala Sahitya Akademi

# പ്രകൃതിപാഠങ്ങൾ

**കെ. ഭാസ്കരൻനായർ,** ഡി. എസ്സ്‌സി.
പ്രൊഫസ്സർ, ജന്തുശാസ്ത്രവകുപ്പ്, യൂണിവേഴ്സിററി,
തിരുവനന്തപുരം.

പ്രസാധകന്മാർ:
മാതൃഭൂമി പ്രിൻറിംഗ് ആൻറ് പബ്ലിഷിംഗ് കമ്പനി,
ലിമിററഡ്, കോഴിക്കോട്.

1987 വില: ക. 11.00

Digitized by Kerala Sahitya Akademi

ഒന്നാം പതിപ്പ് 1950

രണ്ടാം പതിപ്പ് 1987

All Rights Reserved

*Title : PRAKRUTHIPADHANGAL*

*Author : K. Bhaskaran Nair*

*Cover : Vasu Pradeep*

*Price: Rs. 11.00*

*Printed by P. V. Chandran*
*at the Mathrubhumi M.M. Press, Calicut-1*

*Publishers:*
*The Mathrubhumi Printing & Publishing Company Ltd., Calicut-673 001*

*1987 September*

Digitized by Kerala Sahitya Akademi

# വിഷയവിവരം


| | |
|---|---|
| കുഴിയാന | 1 |
| തിമിംഗലം | 5 |
| മുത്ത് | 9 |
| ഞണ്ടിൻചിമിഴ് | 13 |
| കുട്ടിത്തേമാങ്ക് | 17 |
| കള്ളിമുള്ള് | 20 |
| വെട്ടുകിളി | 24 |
| കോലരക്ക് | 27 |
| നങ്ക് | 31 |
| അളുങ്ക് | 34 |
| പുഴയിലെ ഉഴവൻ | 38 |
| നാടവെര | 42 |
| ഒട്ടുമീൻ | 46 |
| വിളാങ്ക് | 49 |
| കുമിഴൻ | 52 |
| മരയോന്ത് | 55 |


Digitized by Kerala Sahitya Akademi

Digitized by Kerala Sahitya Akademi

# 1

# കുഴിയാന

കുഴിയാനയെ പിടിച്ചു കളിച്ചിട്ടില്ലാത്തവർ നിങ്ങളുടെ കൂട്ടത്തിൽ ഇല്ലെന്നാണ് എൻെറ വിശ്വാസം. അഥവാ അങ്ങനെ മോശക്കാരായവർ വല്ലവരുമുണ്ടെങ്കിൽ അവരിതു വായിക്കുവാൻ വരട്ടെ. ഓടിപ്പോയി ഒന്നുരണ്ടു കുഴിയാനയെ പിടിച്ചുകൊണ്ടു വന്നിട്ടു മതി മററന്തു കാര്യവും. കുറവല്ലേ! മണ്ണുമാന്തിയതിന് ഒന്നുരണ്ടടി കൊണ്ടാലും തരക്കേടില്ല. അതാ ആ മതിലിനോടു ചേർന്നു നനവില്ലാതെ കിടക്കുന്ന പൊടിമണ്ണിൽ പോയി നോക്കുക, വരിവരിയായി നല്ല ചൊവ്വൊത്ത ചെറുകുഴികൾ കാണാം. ഓരോന്നിലും ഓരോ കുഴിയാനയുണ്ട്.

''നിത്യവും ശുദ്ധജലം തന്നിലേ കുളിച്ചാലും
മത്തേഭൻ പാംസുസ്നാനംകൊണ്ടല്ലോ സന്തോഷിപ്പൂ!''

എന്നു നമ്മുടെ നല്ല ആനയെപ്പററി പറഞ്ഞതു കുഴിയാനയുടെ കാര്യത്തിലും പരമാർത്ഥമാണ്. പക്ഷേ, അത് ഒരിക്കലും ശുദ്ധജലത്തിൽ കുളിക്കാറില്ലെന്നേയുള്ളു. ഏതു സമയവും മണ്ണിനടിയിൽത്തന്നെ. കുഴിയിൽനിന്നു തോണ്ടിയെടുത്തു പുറത്തിട്ടാൽ, തൻെറ തടിയൻകൊമ്പുകളും വലിച്ചിഴച്ചുകൊണ്ടു പുറകോട്ടു നടക്കുന്നതു കാണാം. നടന്നുനടന്നു പിന്നെയും മണ്ണിനടിയിലേയ്ക്കു കടക്കുവാനാണ് ശ്രമം. കുഴിയുടെ ചുവട്ടിൽ കൊമ്പും നീട്ടിക്കൊണ്ടാണ് അവൻെറ ഇരിപ്പ്. ഇതൊരു വലിയ സൂത്രമാണ്. കുഴിയുടെ വക്കിലൂടെ നടന്നുപോകുമ്പോൾ കാലുതെററി താഴോട്ടുരുളുന്ന ഉറുമ്പുകളെയാണ് അവൻ കാത്തിരിക്കുന്നത്. ഇളകിയ മണ്ണായതു

Digitized by Kerala Sahitya Akademi


കൊണ്ടും കുഴിയുടെ ചരിവുകൊണ്ടും കാലുതെററിപ്പോയാൽ പിന്നെ ഉറുമ്പിനു കരകയറാൻ സാധ്യമല്ല. കുഴിയാന മേലോട്ടു മണ്ണു തോണ്ടിയെറിഞ്ഞ് അതിനെ ശല്യപ്പെടുത്തുകയും ചെയ്യും. ഉറുമ്പു താഴെ എത്തുമ്പോഴാണ് നമ്മുടെ കുഴിയിലെ കൊമ്പന്റെ ശൌര്യം കാണേണ്ടത്. അവൻ തന്റെ കൂർത്ത കൊമ്പുകൾ രണ്ടും ഉറുമ്പിന്റെ ദേഹത്തിൽ കുത്തിയിറക്കി ഇറുക്കിപ്പിടിക്കും. ഈ കൊമ്പുകൾ പൊള്ളയാണ്; അററത്തു ദ്വാരവുമുണ്ട്, ഇതിലൂടെ കുഴിയാന ഉറുമ്പിന്റെ നീരു മുഴുവനും ഊററിക്കുടിക്കും. തോടുമാത്രമേ ശേഷിക്കുകയുള്ളു. അത് അവന്റെ കൊമ്പുകളിൽവെച്ചു തെറിപ്പിച്ചു കുഴിയുടെ വെളിയിൽ കളയുകയും ചെയ്യും.


കുഴിയാനയുടെ ജീവിതം മുഴുവനും ഇങ്ങനെ ഉറുമ്പിനെ തിന്നല്ല കഴിയുന്നത്. കുറേ നാളിങ്ങനെ തിന്നുതിമർക്കുമ്പോൾ അതു മണൽത്തരികൾ കൂട്ടിയൊട്ടിച്ചു, ശരീരത്തിനു ചുററും, ഒരു കൂടുണ്ടാക്കുന്നു. ഈ കൂടുകൾ കണ്ടാൽ ഉരുണ്ട പഞ്ചസാരമിഠായിപോലെയിരിക്കും, അതിനകത്തു അനക്കമൊന്നുമില്ലാതെ കുഴിയാന കുറേനാൾ കഴിച്ചുകൂട്ടുന്നു. ഇതിന്റെ ഫലമായി അതിന്റെ മട്ടൊക്കെ മാറിപ്പോകും. അതു തുമ്പിയെപ്പോലുള്ള ഒരു പ്രാണിയായിത്തീരുന്നു, ഈ മാററം പൂർത്തിയാകുമ്പോൾ അതു കൂടുപൊളിച്ചു പുറത്തു കടക്കും. എന്തൊരത്ഭുതമാണ്! അകത്തു കയറിയതു കുഴിയാന; പുറത്തുവരുന്നതു നേർത്ത നാലു ചിറകോടുകൂടിയ ഒരു പൂച്ചി: പച്ചിലപ്പുഴു പൂമ്പാററയാകുന്നതു നിങ്ങൾ കണ്ടിട്ടില്ലേ; അതുപോലെയുള്ള ഒരു മാററമാണിത്. പുഴുവിന്റെ കാര്യമെന്നപോലെ ഇതും നിങ്ങൾക്കുതന്നെ പരീക്ഷിച്ചുനോക്കാവുന്നതാണ്. ഞാൻ പറഞ്ഞതിൽ വിശ്വാസം തോന്നാത്തവർ അതു തന്നെയാണ് ചെയ്യേണ്ടത്. ഒരു ചെറിയ പെട്ടിയിൽ പൂഴിനിറച്ചു അതിൽ കുറേ കുഴിയാനയെ വളർത്തി


Digitized by Kerala Sahitya Akademi

നോക്കിയാൽ മതി. പെട്ടിയിലായതുകൊണ്ട് ഉറുമ്പിനെ പിടിച്ചിട്ട് ആനയ്ക്കു തീററികൊടുക്കണം. അല്ലെങ്കിൽ അതു പട്ടിണിയായിപ്പോകും.

കുഴിയാനപ്പൂച്ചിക്കു നാലു ചിറകുകളുണ്ട്. ഒററ നോട്ടത്തിനു തുമ്പിയെപ്പോലെ ഇരിയ്ക്കുമെങ്കിലും







അതിനു പല വ്യത്യാസങ്ങളും ഉണ്ടെന്ന് ശ്രദ്ധിച്ചാൽ മനസ്സിലാകും. അതിൻെറ ഉത്സാഹമെല്ലാം രാത്രിയിലാണ്. പറക്കുന്നതു കണ്ടാൽ ഒരു തളർന്ന മട്ടുതോന്നും. ചിറകിൻെറ നേർമ്മ ആശ്ചര്യകരമാണ്. എവിടെയെങ്കിലും പററിയിരിക്കുമ്പോൾ ചിറകു നാലും, തുമ്പിയെപ്പോലെ. വിതിർത്തല്ല പിടിക്കു

Digitized by Kerala Sahitya Akademi

ന്നത്; പുറകോട്ടൊതുക്കി ഉടലിനോടു ചേർത്തുവെയ്ക്കുന്നു. ഈ പ്രാണി കുറച്ചു ദിവസമേ ജീവിക്കുകയുള്ളു. സൌകര്യം നോക്കി എവിടെയെങ്കിലും മുട്ടയിടണമെന്നുള്ളതാണ് അതിൻെറ ഒററ ഉദ്ദേശം. അതു കഴിഞ്ഞാൽ അതു മരിച്ചുപോകുന്നു. ഈ മുട്ട വിരിഞ്ഞുണ്ടാകുന്ന കുഞ്ഞാണ് കുഴിയാന.


അങ്ങനെ നമുക്ക് ഒരു പുതിയ കടംകഥയുണ്ടാക്കാം. ''അമ്മേയ്ക്കു ചിറക് നാല്, മക്കൾക്കു കൊമ്പു രണ്ട്, ഉറുമ്പിനേം തിന്നും.'' എന്താണെന്നു ഇതു വായിക്കാത്ത കൂട്ടുകാരോട് ചോദിക്കുക. കടം സമ്മതിച്ചാൽ എല്ലാം പറഞ്ഞുകൊടുക്കുക.

Digitized by Kerala Sahitya Akademi

# 2

# തിമിംഗലം

തിമിംഗലം എന്ന പേരു കേൾക്കുമ്പോൾത്തന്നെ നിങ്ങൾ പേടിച്ചുപോയേക്കും. ഒരു പടക്കപ്പലിനെ വേണമെങ്കിൽ ഒന്നോടെ വിഴുങ്ങിക്കളയാൻ കഴിവുള്ള ഒരു ഭയങ്കരജന്തുവാണതെന്നു നിങ്ങൾക്കു തോന്നുന്നുണ്ടാവും. ഇതിനൊന്നും ആവശ്യമില്ല. തിമിംഗലം വലുതാണെങ്കിലും അതൊരു അപകടക്കാരനല്ല. വല്ലപ്പോഴുമൊരിക്കൽ നമ്മുടെ കടലോരത്തെങ്ങാനും വശം കെട്ടു വന്നടിയുമ്പോഴല്ലാതെ നിങ്ങളതിനെ കണ്ടുമുട്ടാനും പോകുന്നില്ല. സാധാരണയായി കരകാണാത്ത മഹാസമുദ്രങ്ങളിലാണ് അതു ജീവിക്കുന്നത്. അതിനു നിങ്ങളെപ്പോലുള്ള കൊച്ചുകുട്ടികളെയെന്നല്ല ഒരു കൊച്ചുപൂച്ചയെപ്പോലും വിഴുങ്ങാനുള്ള കഴിവുമില്ല. ഇവിടെ ചേർത്തിരിക്കുന്ന പടം കണ്ടാൽ, അത്



ഒരു ആനയെ വിഴുങ്ങി അയവിറക്കുകയാണെന്നു തോന്നിയേക്കും. പേടിക്കേണ്ട, അതിൻെറ വലുപ്പം കാണിക്കുവാൻ എടുത്ത ഒരു ഉപായമാണത്. ഒരു ആനയുടെ വലുപ്പം എന്തെന്നു നിങ്ങൾക്കറിയാമല്ലോ. അതേ തോതിൽ നോക്കിയാൽ ഒരു തിമിംഗലം എത്രയുണ്ടെന്നാണ് കാണിച്ചിരിക്കുന്നത്. കണ്ടാൽ അത്ര

Digitized by Kerala Sahitya Akademi

വളരെയൊന്നും അഴകില്ലാത്ത ഒരു ജന്തുവാണ് തിമിംഗലം. അതിൻെറ വായുടെ അളവിൽ ഒരു വലിയ പൊരുത്തക്കേടുണ്ട്. കണ്ണോ വളരെ ചെറുതും സ്ഥാനം തെററിയാണ് വെച്ചിരിക്കുന്നതെന്നും തോന്നും. മൂക്കു മേൽവശത്താണ്. അതിലൂടെ ശ്വാസം വിടുമ്പോൾ ആവിയന്ത്രത്തിൻെറ കുഴലു തുറക്കുമ്പോഴത്തെപ്പോലെയുള്ള ഒരു കാഴ്ച തോന്നും. വാസ്തവത്തിൽ അതു മൂക്കിലൂടെ വെള്ളം ചീററിപ്പായിക്കുകയല്ല ചെയ്യുന്നത്. പുറത്തേയ്ക്കു വിടുന്ന ശ്വാസത്തിലുള്ള നീരാവി തണുത്ത് അങ്ങനെ തോന്നുന്നു എന്നേയുള്ളൂ.

തിമിംഗലത്തിൻെറ വായ്ക്കകത്തു നിറയെ, ഒന്നിനു പുറകിൽ ഒന്നായി, തട്ടികപോലെ തൂങ്ങിക്കിടക്കുന്ന ഒരുതരം പലകകളുണ്ട്, ഇതുള്ളതുകൊണ്ട് അതിന് ഏത്രയും ചെറിയ വസ്തുക്കൾമാത്രമേ തിന്നുവാൻ സാധിക്കയുള്ളു. അതു ജീവിക്കുന്ന സമുദ്രങ്ങളിൽ ഇത്തരം ആഹാരസാധനങ്ങൾക്കു ക്ഷാമമില്ല. ആകപ്പാടെ അരയിഞ്ചിൽ കൂടുതൽ വലുപ്പമില്ലാത്ത ചെറിയ ചെറിയ ജന്തുക്കൾ കടലിൽ ധാരാളമുണ്ട്. ഇവ വൻപിച്ച പററങ്ങളായിട്ടാണ് സഞ്ചരിക്കുന്നത്. തിമിംഗലം അതിൻെറ വലിയ വായും തുറന്നുകൊണ്ട് ഇവയുടെ ഇടയ്ക്കുകൂടി നീങ്ങുമ്പോൾ അവ മേല്പറഞ്ഞ പലകകൾക്കിടയിൽ അടിഞ്ഞുകൂടും. വണ്ണത്തിലുള്ള വാട്ടം എണ്ണത്തിൽത്തീരും. തിമിംഗലത്തിനു വിശപ്പടക്കാൻ വിഷമം നേരിടുന്നില്ല. ഇതിലും വലുപ്പംകൂടിയ ജന്തുക്കളെ അതിനു തിന്നാൻ കഴിവില്ല. സൂചിക്കൊഴപോലെ തൊണ്ടയും പഴംപാളപോലെ വയറും എന്നു പണ്ടൊരു കണിയാൻ ഫലിതം പറഞ്ഞതു തിമിംഗലത്തിനു പററും. വയറു പാളപോലെയല്ല, പത്തായം പോലെയാണെന്നൊരു വ്യത്യാസമേയുള്ളു.

വയറിൻെറ വലുപ്പംകൊണ്ടാണ് തിമിംഗലം ഇത്ര വണ്ണിച്ചിരിക്കുന്നതെന്നു പറഞ്ഞുകൂടാ. അതിൻെറ തൊലിക്കടിയിൽ, രണ്ടും മൂന്നും അടി ഘനത്തിൽ

Digitized by Kerala Sahitya Akademi

കൊഴുപ്പുണ്ട്. ഇതുകൊണ്ടാണ് അതിനു വളരെയധികം വണ്ണം തോന്നുന്നത്. കൊഴുപ്പ് ഉറച്ച നെയ്യുപോലെയുള്ള ഒരു പദാർത്ഥമാണ്. അതു വെട്ടിയെടുത്ത് ഉരുക്കിയാൽ എണ്ണപോലെയാകും. തിമിംഗലത്തിൻെറ എണ്ണ നല്ല വില കിട്ടുന്ന ഒരു സാധനമാണ്. ഇതു ശേഖരിക്കുവാൻവേണ്ടി പല രാജ്യക്കാരും തിമിംഗലങ്ങളെ വേട്ടയാടാറുണ്ട്. വൻകരകളിൽനിന്നു വളരെ അകലെയുള്ള തണുപ്പേറിയ സമുദ്രങ്ങളിലാണ് തിമിംഗലങ്ങൾ ധാരാളമുള്ളത്. പലതരം ഉപകരണങ്ങളോടുകൂടിയ പ്രത്യേകം കപ്പലുകളുണ്ടെങ്കിലേ അവയെ പിടിയ്ക്കുവാനും, കൊഴുപ്പു ശേഖരിച്ച് എണ്ണ പാകപ്പെടുത്തി എടുക്കുവാനും സാധിക്കുകയുള്ളു. പീരങ്കിപോലുള്ള യന്ത്രങ്ങൾ കൊണ്ടു ചാണ്ടുളിയെറിഞ്ഞാണ് തിമിംഗലങ്ങളുടെ ദേഹത്തു കയറു കോർക്കുന്നത്. ചിലപ്പോൾ പ്രാണവേദനയ്ക്കിടയിൽ കയറും കപ്പലും വലിച്ചുകൊണ്ടു തിമിംഗലം കുറച്ചുദൂരം നീന്തുകയും ചെയ്യും. നല്ല പരിചയമുള്ളവർക്കേ ഇതുമൂലമുണ്ടാകുന്ന ആപത്തുകൾ ഒഴിവാക്കുവാൻ കഴിയൂ. കുറേനേരത്തെ പരാക്രമത്തിനുശേഷം തിമിംഗലം വശംകെട്ടുപോകും. അപ്പോൾ അതിനെ വലിച്ചടുപ്പിച്ചു കപ്പലിൽ കയററും. പിന്നെ മഴുവും കോടാലിയുംകൊണ്ടു കൊഴുപ്പു വെട്ടിയെടുക്കുന്നു. വലിയ ഒരു തിമിംഗലത്തിൽനിന്ന് ഇരുപതും ഇരുപത്തിയഞ്ചും വീപ്പ എണ്ണ കിട്ടും.

തിമിംഗലത്തിന് ഈ കൊഴുപ്പുകൊണ്ടുള്ള പ്രയോജനമെന്തെന്നു നിങ്ങൾ വിസ്മയിക്കുന്നുണ്ടാവും. പറയാം. കൊഴുപ്പ് വെള്ളത്തിൽ പൊങ്ങിക്കിടക്കും. വെള്ളത്തിൽ ജീവിക്കുന്ന ഈ ഭീമജന്തുവിന്, ഉടലിലുള്ള കൊഴുപ്പിൻെറ കൂടുതൽകൊണ്ടു, തടിയ്ക്കുതക്ക ഭാരം തോന്നുകയില്ല. ശരീരം വെള്ളത്തിൽ താണുപോകാതെ അതു സഹായിക്കുന്നു. മറെറാരു ഉപയോഗംകൂടിയുണ്ട്. തിമിംഗലം തണുപ്പേറിയ

Digitized by Kerala Sahitya Akademi

സമുദ്രങ്ങളിലാണ് ജീവിക്കുന്നതെന്നു പറഞ്ഞുവല്ലോ. ഈ കൊടുംതണുപ്പിൽനിന്ന് ഉള്ളിലുള്ള അവയവങ്ങളെ രക്ഷിക്കുന്നതിനും കൊഴുപ്പു പ്രയോജനപ്പെടുന്നു. അത്, ഒരു പുതപ്പുപോലെ, ശരീരത്തിന്റെ ചൂടു പോകാതെയിരിക്കുവാൻ സഹായിക്കുന്നു.

തിമിംഗലത്തിന്റെ ദേഹത്ത് അങ്ങിങ്ങായി രോമങ്ങൾ കാണാം. അതു കുഞ്ഞുങ്ങളെ ജീവനോടെ പ്രസവിച്ചു മുലകൊടുത്തു വളർത്തുന്ന ഒരു ജന്തുവാണ്.

Digitized by Kerala Sahitya Akademi

# 3

# മുത്ത്

''നൂലുകൊണ്ടു പിരിച്ചോരു
ചരടിൽപ്പൊൻമണി കോർത്തു
മാലയാക്കിദ്ധനികന്മാർ
ധരിക്കുന്നു ഗളംതന്നിൽ
മുത്തുകൊണ്ടും മാലകോർക്കും
പവിഴംകൊണ്ടുമുണ്ടാക്കും
പുത്തിലഞ്ഞിക്കുരുകൊണ്ടും
കുന്നികൊണ്ടും ദരിദ്രന്മാർ.''

എന്നു കുഞ്ചൻനമ്പ്യാർ പറഞ്ഞിട്ടുള്ളതു നിങ്ങൾ കേട്ടിരിക്കാം. .ധനികന്മാർക്കു പൊന്മണിയും മുത്തും പവിഴവും, ദരിദ്രന്മാർക്കു പുത്തിലഞ്ഞിക്കുരുവും കുന്നിയുംമാത്രം. എന്തൊരു കഷ്ടമാണിത്! ദരിദ്രന്മാരെക്കുറിച്ചു പറയുമ്പോൾ നമ്പ്യാരുടെ ഹൃദയം അലിയുന്നതുപോലെ തോന്നുന്നില്ലേ? അദ്ദേഹം ഒരു മഹാപുരുഷനായിരുന്നു.

ഇവിടെ പറഞ്ഞ സാധനങ്ങളിൽ ഒരെണ്ണത്തെക്കുറിച്ചാണ് ഞാൻ പറയാൻ പോകുന്നത്—മുത്ത്. അതു നിങ്ങൾ കണ്ടിട്ടുണ്ടോ? മാല കോർക്കാനുപയോഗിക്കുന്ന ഉരുണ്ട പല സാധനങ്ങൾക്കും മുത്ത് എന്നു പറയാറുണ്ട്. ഇതിൽ പലതും ഈ ആവശ്യത്തിനുവേണ്ടി മനുഷ്യർ കണ്ണാടികൊണ്ടും മററും ഉണ്ടാക്കിയെടുക്കുന്നതാണ്. വാസ്തവത്തിലുള്ള മുത്ത് ഇങ്ങനെ നിർമ്മിക്കുന്നതല്ല. അതു കടലിലുള്ള ഒരു ജന്തുവാണ് ഉണ്ടാക്കുന്നത്. മനുഷ്യൻ അതു ശേഖരിച്ചു വില്ക്കുകയേ ചെയ്യുന്നുള്ളു. കക്ക, കല്ലിന്മേൽക്കായ് എന്നൊക്കെ പറയുന്ന ജന്തുക്കളെ


Digitized by Kerala Sahitya Akademi

നിങ്ങൾ കണ്ടിട്ടില്ലേ? അതുപോലെ ഒരു ജന്തുവാണ് മുത്തുണ്ടാക്കുന്നത്. അതിൻെറ പടം നോക്കുക. ഇതു പല വലുപ്പത്തിലുമുണ്ട്. ചിലതിനു നമ്മുടെ രണ്ടു കൈപ്പടം കൂടിയിടത്തോളം വലിപ്പം കാണും. ചുണ്ണാമ്പുകരണ്ടകംപൊലെ നടുക്കു വിജാവിരിവെച്ച രണ്ടു തോടുകൾകൊണ്ട് ഈ ജന്തുവിൻെറ ശരീരം പൊതിയപ്പെട്ടിരിക്കുന്നു. ഈ ജന്തുവിൻെറ പേര് മുത്തുച്ചിപ്പി എന്നാണ്. കടലിൻെറ അടിയിലുള്ള ചെളിയിലാണ് അതിൻെറ ജീവിതം. ഇത്തരം ജന്തുക്കളുടെ തോടിൻെറ ഉൾവശം മിനുക്കവും തിളക്കവുമുള്ളതാണ്. കണ്ടാൽ വെള്ളി പൂശിയതുപോലിരിക്കും. വെള്ളി കറുക്കുന്നതുപോലെ ഇതു കറുക്കുകയില്ല. തോടിൻെറ ഈ മിനുക്കമുള്ള ഭാഗം ചെത്തിയെടുത്തു കുപ്പായക്കുടുക്കുകളും ആഭരണങ്ങളുമുണ്ടാക്കാറുണ്ട്. തോടിൻെറ ഈ ഭാഗം ഉരുട്ടിക്കിട്ടിയാൽ മുത്തായി. പക്ഷേ, ഈ ജോലി മുത്തുച്ചിപ്പിതന്നെ ചെയ്യേണ്ടിയിരിക്കുന്നു. നമുക്ക് അത് ഉരുട്ടിയെടുക്കുവാൻ കഴിവില്ല. ഈവിദ്യ മുത്തുച്ചിപ്പികൾ ചിലപ്പോൾ ചെയ്യാറുണ്ട്. അവയുടെ ശരീരം പൊളിച്ചു നോക്കിയാൽ അതിനുള്ളിൽ കൂടെക്കൂടെ തിളങ്ങുന്ന ഇത്തരം ഗോളങ്ങൾ കാണുവാൻ സാധിക്കും. ചില സ്ഥലങ്ങളിലെ മുത്തുച്ചിപ്പികളിൽ ഇതു സാധാരണസംഭവമാണ്. തൂത്തുക്കുടിക്കു സമീപമുള്ള കടലിൽ ഇങ്ങനെ മുത്തുവിളയുന്ന ചിപ്പികൾ ധാരാളമുണ്ട്. അവയെ തേടിപ്പിടിക്കുവാൻ വളരെ ആഴത്തിൽ മുങ്ങണം. ഈ ജോലിക്കു പ്രത്യേക സാമർത്ഥ്യമുള്ള ആളുകൾ ആ ദിക്കിലുണ്ട്.

ചിപ്പിക്കകത്തു മുത്തുണ്ടാകുന്നതിനു പണ്ടുള്ളവർ പറഞ്ഞുവന്ന കാരണം ഇതാണ്: മഴക്കാലം വരുമ്പോൾ മുത്തുച്ചിപ്പികൾ കടലിൻെറ മുകൾനിരപ്പിലേയ്ക്കു വരും. തോടുകളും തുറന്ന് അങ്ങനെ കിടക്കുമ്പോൾ അവയ്ക്കുള്ളിലേയ്ക്കു മഴത്തുള്ളികൾ വീഴു

Digitized by Kerala Sahitya Akademi

വാനിടയാകുന്നു. ഇതു സംഭവിക്കുമ്പോൾ അവ തോടുകളും അടച്ചു കടലിൻെറ ആഴങ്ങളിലേക്കു താണുപോകും. അകത്തുവീണ മഴത്തുള്ളി വളരെ ക്കാലംകൊണ്ടു മുത്തായിത്തീരുമെന്നായിരുന്നു പണ്ടു ള്ളവരുടെ വിശ്വാസം. ഇതത്ര ശരിയല്ല. എന്തെന്നാൽ ചിപ്പികൾ ഇങ്ങനെ വെള്ളത്തിനുമുകളിൽ നീന്തിക്ക



ളിക്കാറില്ല. അവയുടെ ജീവിതം ചെളിക്കകത്തുതന്നെ യാണ്.

മുത്തുണ്ടാകുന്നതിൻെറ കാരണം വേറൊന്നാണ്. അതെന്തെന്നു പറയാം: മനുഷ്യൻെറ ഉള്ളിലുള്ള ഇരക്കു ളെയും പുഴുക്കളെയുംകുറിച്ചു നിങ്ങൾ കേട്ടിട്ടില്ലേ? ഇവയെപ്പോലെ വിളിക്കാതെ വന്നുകേറുന്ന ചില ഉപ ദ്രവകാരികൾ മുത്തുച്ചിപ്പിയുടെ ശരീരത്തിലും ഉണ്ടാ കാറുണ്ട്. ഇവ ശരീരത്തിൻെറ ചില സ്ഥാനങ്ങളിൽ കടന്നുകൂടുമ്പോൾ മുത്തുച്ചിപ്പി അവയെ നശിപ്പി

Digitized by Kerala Sahitya Akademi

ക്കുവാൻവേണ്ടി ഒരു ചെറിയ തോടുണ്ടാക്കി അവയെ പൊതിഞ്ഞുകളയുന്നു. ചുററും മതിലുകെട്ടി കൊല്ലുന്നതുപോലെയുള്ള ഒരു വിദ്യയാണിത്. തോടിൻെറ അകത്തു കാണുന്ന ആ വെളുത്തുമിന്നുന്ന സാധനം കൊണ്ടുതന്നെയാണ് ഇതുണ്ടാക്കുന്നത്. ഇതാണ് മുത്ത്. അതു വാസ്തവത്തിൽ ഒരു ശവക്കല്ലറയാണ്. അതിൻെറ ഉള്ളിൽ ഉപദ്രവിക്കാൻ വന്ന ആ ചെറിയ പുഴുവിനെ അടക്കം ചെയ്തിട്ടുണ്ട്. എന്തൊരു അത്ഭുതമാണെന്ന് ആലോചിച്ചുനോക്കുക!


ഇതുകൂടാതെ മണൽത്തരികളും അതുപോലെയുള്ള മററു പദാർത്ഥങ്ങളും ചിപ്പിയുടെ ഉള്ളിൽ കടന്നുകൂടുന്നതുകൊണ്ടും മുത്ത് ഉണ്ടാകാറുണ്ട്. ജപ്പാൻകാർ ചിപ്പികളെ പിടിച്ച് എന്തൊക്കെയോ കൃത്രിമങ്ങൾ ചെയ്തു നിർബ്ബന്ധിച്ചു മുത്തു വിളയിച്ചുവരുന്നു. ഇതിൻെറ വിദ്യ വളരെ രഹസ്യമായി വെച്ചിരിക്കുകയാണ്. മററുള്ളവരും അതു തുടങ്ങിക്കളയുമോ എന്ന പേടികൊണ്ടാണ്. സകലതും തങ്ങൾക്കുമാത്രം വേണമെന്നാണ് ഓരോ രാജ്യക്കാരുടെയും ആഗ്രഹം. രഹസ്യം വിട്ടുകൊടുത്താൽ മത്സരിക്കാൻ ആളുണ്ടാകും. ഇതാണ് കച്ചവടത്തിൻെറ പോക്ക്. ഏതായാലും ജപ്പാൻകാർ കൃത്രിമമായി ഉണ്ടാക്കുന്ന മുത്തുകൾ പ്രകൃതിയിൽ താനേ ഉണ്ടാകുന്നവയെപ്പോലെ നന്നല്ല. വലുപ്പത്തിലും പ്രകാശത്തിലും അവ വളരെ മോശമാണ്.

Digitized by Kerala Sahitya Akademi

# 4

# ഞണ്ടിൻ ചിമിഴ്

നിങ്ങളെല്ലാവരും ഞണ്ടിനെ കണ്ടിട്ടുണ്ട്. പക്ഷേ, കറപ്പുതീററിക്കാരെപ്പോലെ, ചിമിഴുംകൊണ്ടു നടക്കുന്ന ഞണ്ടിനെ ആരും കണ്ടിരിക്കാനിടയില്ല. വാസ്തവം പറഞ്ഞാൽ ഇത്തരം ഞണ്ടുകളും ഉണ്ട്. നമ്മുടെ കടലോരത്തുതന്നെ പലപ്പോഴും കാണാം. 1—ാം ചിത്രം നോക്കുക. അതൊരു ചിമിഴു വെച്ച




ഞണ്ടിൻേറതാണ്. ചിമിഴാണ് വരയിട്ട് അടയാളപ്പെടുത്തിയിരിക്കുന്നത്. അതു ഞണ്ടിൻെറ അടിവശത്താണ്. വട്ടമായി, ഘനം കുറഞ്ഞ്, ഏകദേശം

Digitized by Kerala Sahitya Akademi

ഒരു വാച്ചിൻെറ ആകൃതിയാണ് അതിനുള്ളത്. ഒരു വശത്തു ചെറിയൊരു കഴുത്തുണ്ട്. എതിർവശത്തായി ഒരു ദ്വാരവും കാണാം.

ഞണ്ടിൻെറ വയറ്, പേടിച്ചോടുന്ന പട്ടിയുടെ വാലുപോലെ, മുന്നോട്ടുമടങ്ങി ഉടലിൻെറ അടിവശം ചേർന്നാണ് ഇരിക്കുന്നത്. ഇക്കാരണത്താൽ പുറമേ നോക്കിയാൽ അതു കാണുകയില്ല. ഈ മടക്കിൻെറ ഇടയ്ക്കാണ് ചിമിഴിൻെറ ഇരിപ്പ്. ചിമിഴുള്ള ഞണ്ടാണെങ്കിൽത്തന്നെയും അതിനെപ്പിടിച്ചു മലർത്തിയിട്ടെങ്കിലേ അതു കാണുകയുള്ളു. ചരിഞ്ഞുചരിഞ്ഞുള്ള ഓട്ടത്തിനിടയ്ക്ക് അതിനെ പിടികൂടാനും വിഷമമാണ്. ഈ ജന്തു ഇങ്ങനെ ഒരു ചിമിഴും ഒളിച്ചു വെച്ചുകൊണ്ട് ഓടുന്നതെന്തിനാണെന്നു നിങ്ങൾ വിസ്മയിച്ചേയ്ക്കും. കറപ്പുതീററിക്കാരോടു മടിയിലെന്താണെന്നു ചോദിച്ചാൽ പറയുകയില്ല. പറഞ്ഞാലും കള്ളമായിരിക്കും. അടയ്ക്കാ എന്നോ, നാലഞ്ചു കാശെന്നോ എന്തെങ്കിലും തട്ടിവിടും. ഞണ്ടിന് ഇതുപോലെ സംസാരിക്കാൻ കഴിവില്ലാത്തതുകൊണ്ട് ഓടിക്കളയുകയാണോ എന്നു നിങ്ങൾ സംശയിക്കാനിടയുണ്ട്. വാസ്തവത്തിൽ അതൊരു അത്ഭുതം തന്നെയാണ്.

ഈ ചിമിഴു നമ്മുടെ ഞണ്ടു സ്വകാര്യമായി, പാടുപെട്ടു തേടിപ്പിടിക്കുന്നതൊന്നുമല്ല. പരമാർത്ഥം പറഞ്ഞാൽ ചിമിഴു ഞണ്ടിനെയാണ് തേടിപ്പിടിക്കുന്നത്. അതു പ്രത്യേകം ഒരു ജന്തുവാണ്! ഇങ്ങനെ ഞണ്ടിൻെറ വയറിനോട് ഒട്ടിയിരുന്നാണ് അതു കാലം കഴിക്കുന്നത്. അതിനു കണ്ണും മൂക്കും വായും ഒന്നുമില്ല. സാധാരണജന്തുക്കൾക്കുള്ള അവയവങ്ങൾ ഒന്നുംതന്നെയില്ല. വെറുമൊരു തോൽസ്സഞ്ചി. പക്ഷേ, അതിനു ജീവനുണ്ട്. ആഹാരവും വേണം. ഇതു ഞണ്ടിൻെറ ശരീരത്തിൽനിന്നാണ് വലിച്ചെടുക്കുന്നത്. കഴുത്തിൻെറ സ്ഥാനത്തുനിന്നു നൂലാമാലപോലെ ഒരുതരം വേരുകൾ ഞണ്ടിൻെറ ശരീരത്തി

Digitized by Kerala Sahitya Akademi

നുള്ളിൽ നാലുപാടും പടർന്നുകിടപ്പുണ്ട്. ഇവയാണ് ആഹാരം വലിച്ചെടുക്കുന്നത്. പാവപ്പെട്ട ഞണ്ടിൻെറ കണ്ണിൽപ്പോലും ഈ വേരിൻെറ നാരുകരം ചെന്നെത്തുന്നുണ്ട്. സഞ്ചിപോലുള്ള ഭാഗംമാത്രമേ പുറത്തുകാണുകയുള്ളു. അതിനുള്ളിലെല്ലാം മുട്ടയാണ്. മുട്ട കടലിൽ വീണു വിരിയുന്നു. വിരിഞ്ഞുറങ്ങുന്ന കുഞ്ഞിനെയാണ് 2—ാം ചിത്രത്തിൽ കാണുന്നത്. വളരെ ചെറുതായിരിക്കും; എങ്കിലും അതിനു കുറച്ചുനാരം അന്യനെ ആശ്രയിക്കാതെ നീന്തിത്തുടിച്ചു ജീവിക്കാൻ കഴിവുണ്ട്. അധികം താമസിയാതെ അതിൻെറ പടം പൊഴിയുന്നു. ഇതോടുകൂടി അതിൻെറ രൂപവും മാറും. 3—ാം ചിത്രം നോക്കുക. ഈ രൂപത്തിലെത്തിയാലുടൻതന്നെ അതു ഞണ്ടിനെ തേടി നടക്കാൻ തുടങ്ങും. ഒരെണ്ണത്തെ കണ്ടുകിട്ടിയാൽ അതിൻെറ ദേഹത്ത് ഈ ചിമിഴിൻകുഞ്ഞു ഒട്ടിപ്പിടിക്കുകയായി. അതു തൻെറ കണ്ണും കാലും തോടും എല്ലാം ഉപേക്ഷിച്ചു വെറുമൊരു മാംസഗോളം മാത്രമായി ഞണ്ടിൻെറ തോലുതുളച്ച് അകത്തു കടക്കുന്നു. എന്തൊരു മാററമാണിതെന്ന് ആലോചിച്ചുനോക്കുക! ഈ മാംസഗോളം ഞണ്ടിൻെറ ഉള്ളിൽ ചോരയോട്ടത്തിനൊത്ത് അങ്ങോട്ടുമിങ്ങോട്ടും കുറേനാരം ഒഴുകി നടക്കും. ഒടുവിൽ അതു വയറിൻെറ മടക്കിനോടടുത്ത സ്ഥാനത്തു വന്നു നിലയുറപ്പിക്കുകയും വളരാൻതുടങ്ങുകയും ചെയ്യുന്നു. ഇങ്ങനെ വളർന്നുവീർത്തു, മഴക്കാലത്തു ഭൂമിക്കടിയിൽനിന്നു കുമിഴു മുളച്ചുവരുംപോലെ, അതു ഞണ്ടിൻെറ തോലുപൊളിച്ച് ഒരു ചിമിഴായി പുറമെ പ്രത്യക്ഷപ്പെടുന്നു. ഇതാണ് ഈ അത്ഭുതജന്തുവിൻെറ ജീവചരിത്രം. കുഞ്ഞായിരിക്കുമ്പോരം അതു വളരെ യോഗ്യനാണ്. കണ്ണും കാലും എല്ലാമുണ്ട്. പക്ഷേ. വളർന്നുവരുമ്പോരം മട്ടൊക്കെ മാറുന്നു. അതു വെറുമൊരു ചിമിഴായും ഞണ്ടിന് ഒരു ചുമടായും തീരുന്നു.

Digitized by Kerala Sahitya Akademi

ചിമിഴു പിടിച്ചതുകൊണ്ടു ഞണ്ടു ചത്തുപോവുകയില്ല. ചത്തുപോയാൽ അതു ചിമിഴിനും ആപത്താണല്ലോ. കൊല്ലാതെ നിർത്തി തൻെറ ആവശ്യവുംകൂടി അതിനെക്കൊണ്ടു നിറവേററുക എന്നതാണ് ഈ ജന്തുവിൻെറ ലക്ഷ്യം. ഇതിൽനിന്നു ചിമിഴു പിടിച്ചാൽ ഞണ്ടിന് ഒരു ദോഷവും വരികയില്ലെന്നു ധരിക്കരുത്. ആൺഞണ്ടിന്മേലാണ് പിടികൂടിയതെങ്കിൽ അതു ക്രമേണ (നാണക്കേടു തന്നെ!) പെണ്ണായിത്തീരും. പെണ്ണിന്മേലാണെങ്കിൽ അത് ആണാവുകയില്ലെങ്കിലും, പെണ്ണല്ലാതായിത്തീരുന്നു! എന്തു പറയുന്നു, ചാകുന്നതിലും കഷ്ടമല്ലേ ഇത്?

Digitized by Kerala Sahitya Akademi

# 5

# കുട്ടിത്തേമാങ്ക്

കണ്ടാൽ സങ്കടം തോന്നുന്ന ഒരു ജന്തുവാണിത്. നമ്മുടെ കിഴക്കൻകാടുകളിലുണ്ട്. നാട്ടിടയിലേക്ക് ചിലപ്പോഴൊക്കെ കടന്നുവരാറുള്ള കാട്ടുജാതിക്കാർ കൊണ്ടുനടക്കുന്നതു കാണാം. ഒരിക്കൽ തിരുവനന്ത



പുരത്തെ കാഴ്ചബംഗ്ളാവിൽ ഒരെണ്ണത്തെ പ്രദർശിപ്പിച്ചിരുന്നു. കാലത്തു ഞാൻ ആ വഴി പോയപ്പോഴം ഇതുണ്ടെന്നു കേട്ടു കാണുവാൻ ചെന്നു. കൂട്ടിനകത്തു

Digitized by Kerala Sahitya Akademi

വെച്ചിരുന്ന ഒരു മരക്കൊമ്പിന്മേൽ എന്തോ ഒന്നു കൂനിപ്പിടിച്ച് ഇരിക്കുന്നതു കണ്ടു. കഷ്ടിച്ച് ഒരു പൂച്ചയുടെ വലിപ്പം കാണും. തലയേത് വാലേത് എന്ന് പറയുവാൻ, അതിൻെറ അപ്പോഴത്തെ ഇരിപ്പിൽ, വളരെ പ്രയാസമായിരുന്നു. കുറച്ചുനേരം നിന്നിട്ടും അത് അനങ്ങുന്ന ഭാവം കാണിച്ചില്ല. ഞാൻ എൻെറ വഴിക്ക് പോയി. അന്ന് വൈകീട്ടും ഞാൻ അതിനെ കാണുവാൻ ചെന്നു. അപ്പോഴും അതേ ഇരിപ്പുതന്നെ. വരവണ്ണം മാറിയിട്ടില്ല. അതിനെ കാണാൻ പോയവരുടെയെല്ലാം അനുഭവം ഇതാണ്.ഏതു സമയത്തും ഇങ്ങനെ ചുരുണ്ടിരിക്കുന്ന ഒരു ജീവിയുണ്ടോ എന്നു പലരും അത്ഭുതപ്പെട്ടു. വാസ്തവത്തിൽ കുട്ടിത്തേമാങ്കിൻെറ പകലത്തെ പതിവ് ഇതാണ്. അതൊരു രാത്രിഞ്ചരനാണ്. പകലെല്ലാം ഉറക്കമൊണ് ജോലി. ഇരുന്നുള്ള ഉറക്കം.

കാലിനിടക്ക് കുനിച്ചുവെച്ചിരിക്കുന്ന തല നിവർത്തു നമ്മളെ ഒരു നോട്ടം നോക്കിയാൽ നമ്മുടെ ഹൃദയം അലിഞ്ഞുപോകും. എന്തോ വലിയ ദുഃഖം അനുഭവിക്കുന്നതുപോലുള്ള ഭാവമുണ്ട് ആ വലിയ കണ്ണുകൾക്ക്. തേമാങ്കിൻെറ കണ്ണാണ് അതിനെ കാണുമ്പോൾ നമ്മെ ഏററവും കൂടുതൽ ആകർഷിക്കുന്നത്. നമ്മോടു കനിവിന് അപേക്ഷിക്കുന്നതു പോലെ തോന്നിപ്പോകും. ഇത്രയ്ക്ക് കരുണരസം നിറഞ്ഞുനിൽക്കുന്ന കണ്ണുകൾ ഭൂമിയിൽ മറെറാരു ജന്തുവിനും കിട്ടിയിട്ടില്ല. പേടിച്ചു പേടിച്ചാണ് മരക്കൊമ്പുകൾക്കിടയിൽ അതു സഞ്ചരിക്കുന്നത്. ചൊട്ടിയ ശരീരവും നീണ്ട കൈകാലുകളും പതുക്കെപ്പതുക്കെ നീക്കിക്കൊണ്ടുപോകുന്നതു കാണാം. വാലില്ലാത്തതുകൊണ്ട് ആകപ്പാടെ ഒരു ചന്തക്കുറവുണ്ട്. ''ഇതെന്നാൽ മനുഷ്യനേക്കുറിച്ചും പരമാർത്ഥമല്ലേ'' എന്നു നിങ്ങൾ ചോദിച്ചേക്കാം. സംശയം ന്യായമാണ്. പക്ഷേ, ഒരു കാര്യം മറന്നുപോയെന്നേയുള്ളു. മനുഷ്യൻ നിവർന്നു രണ്ടുകാലിൽ നടക്കുന്ന ഒരു ജീവി

Digitized by Kerala Sahitya Akademi

യാണ്. അതിനാൽ വാലില്ലാത്തതിന്റെ കുറവു നാം കാണുന്നില്ല; തേമാങ്കം നിവർന്നു നടന്നിരുന്നെങ്കിൽ ഇതറിയുകയില്ലായിരുന്നു. പക്ഷേ, അതിന്റെ സ്വഭാവം അതല്ല. നീണ്ടുനീണ്ട കൈകാലുകൾ (കൈയുകൾ എന്നു പറഞ്ഞാൽ മതി; എന്തെന്നാൽ കാലുകൊണ്ടും ചുററിപ്പിടിക്കാൻ അതിനു കഴിയും) ഈ വൃത്തി കേടിനെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ആകപ്പാടെ ജീവിതം ഒരു വലിയ ഭാരമാണെന്നും, ഈ ലോകം കണ്ടുകണ്ടു മതിയായെന്നും ഉള്ള മട്ടുണ്ട് ഈ സാധു ജന്തുവിന്ന്.

തേമാങ്കു ചെറിയ ചെറിയ പ്രാണികളെ പിടിച്ചു തിന്നാണ് വിശപ്പടക്കുന്നത്. അതു കുരുങ്ങുവർഗ്ഗ ത്തിൽ പെട്ടതാണെന്നു പറഞ്ഞുകൂടെങ്കിലും കുരങ്ങു കളോട് അടുത്ത ബന്ധമുള്ള ഒരു ജന്തുവാണ്. നമുക്ക് കരങ്ങിനോടുള്ള ബന്ധം കരങ്ങിന്ന് അതിനോടുമുണ്ടെന്നു പറയാം. കുഞ്ഞുങ്ങളെ ജീവനോടെ പ്രസവിച്ചു മുല കൊടുത്തു വളർത്തുകയാണ് പതിവ്. ദേഹത്തു രോമമുള്ള ജന്തുക്കളുടെയെല്ലാം സ്വഭാവം ഇതാണെന്നു നേരത്തെ പറഞ്ഞതു നിങ്ങൾ ഓർക്കുന്നുണ്ടായിരിക്കു മല്ലോ.

Digitized by Kerala Sahitya Akademi

# 6

# കള്ളിമുള്ള്

കള്ളിമുള്ളുപോലെ ഇത്ര അഴകും ഐശ്വര്യവുമില്ലാത്ത ഒരു ചെടി വേറെ ഉണ്ടെന്നു തോന്നുന്നില്ല. അതു നിൽക്കുന്ന ദിക്കിലേയ്ക്ക് മനുഷ്യനും മൃഗവും ഒന്നും അടുക്കുകയില്ല. ആകപ്പാടെ മുള്ളുകൊണ്ടു മൂടി, തണ്ടുമല്ല ഇലയുമല്ല എന്ന മട്ടിൽ കണ്ടാൽ പേടിച്ചുപോകത്തക്കവണ്ണമാണ് അതിൻെറ നില്പ്. കള്ളന്മാരും കന്നുകാലികളും കടക്കാതെ പുരയിടങ്ങൾക്കു ചുററും വേലികെട്ടുവാനാണ് അതു ഉപയോഗിച്ചുവരുന്നത്. യുദ്ധകാലത്തു കള്ളിച്ചെടി കൊണ്ട് വേറൊരു വലിയ ഉപകാരം ഉണ്ടായിട്ടുണ്ട്. നിങ്ങളിൽ പലർക്കും അത് അനുഭവപ്പെട്ടിരിക്കാം. അതിൻെറ മുള്ള് മൊട്ടുസൂചിയായി ഉപയോഗിച്ചു വന്നതിനെപ്പററിയാണ് ഞാൻ പറയുന്നത്. മറെറാരു മുള്ളും ഈ ആവശ്യത്തിന് ഇത്രമേൽ ഉതകുകയില്ല. അവ ഒന്നുകിൽ വളഞ്ഞതായിരിക്കും, അല്ലെങ്കിൽ വണ്ണിച്ചതായിരിക്കും' അല്ലെങ്കിൽ വേണ്ടിടത്തോളം കിട്ടുകയില്ലായിരിക്കും. ഈ വിഷമങ്ങളൊന്നും കള്ളിമുള്ളിനെക്കുറിച്ചു പറയാനില്ല. കൂർത്തുനേർത്തു, വളവില്ലാത്ത ഈ യുദ്ധകാലമൊട്ടുസൂചികൾ ശേഖരിക്കുവാൻ ഒരു പ്രയാസവുമില്ല. കള്ളിച്ചെടിയുടെ ചുവട്ടിൽ ചെന്ന് ഉണക്കമുള്ളുകൾ പെറുക്കിയെടുത്താൽ മതി. കച്ചേരികളിലും പള്ളിക്കൂടങ്ങളിലും അതു ധാരാളം ഉപയോഗിച്ചുവന്നിരുന്നു.

പരദേശത്തുനിന്നു മൊട്ടുസൂചി വരാതായപ്പോഴാണ് നമുക്ക് ഈ ബുദ്ധി തോന്നിയത്. അന്യരാജ്യക്കാരെ ആശ്രയിക്കാതെ ഒരു മൊട്ടുസൂചിപോലും ഉണ്ടാക്കുവാൻ കഴിയാത്ത നമ്മെക്കൊണ്ട് എന്തിനു


Digitized by Kerala Sahitya Akademi

കൊള്ളാമെന്നു നിങ്ങൾ വിസ്മയിക്കുന്നുണ്ടാകും. എന്താണ് ചെയ്യുക. നമ്മുടെ ഇന്നത്തെ നില അതാണ്. സകലതിനും നമുക്ക് അന്യരെ ആശ്രയിക്കണം. മൊട്ടു സൂചിയായാലും ശരി. മോട്ടോറായാലും ശരി. കഷ്ടം! എന്നേ പറയാനുള്ളു. പക്ഷേ, ഇന്ത്യക്കാരായ നാം എന്നും ഇങ്ങനെയുള്ളവരായിരുന്നു എന്നു വിചാരിക്കരുത്. നമുക്ക് ആവശ്യമുള്ള സാധനങ്ങൾ ഇന്നു നാം ഉണ്ടാക്കുന്നില്ലെങ്കിൽ അതിന്നു കാരണം നമ്മെ കൊണ്ട് ഒന്നിനും കൊള്ളുകയില്ല എന്നതല്ല. അങ്ങനെ ഒന്നിനും കൊള്ളാത്ത മനുഷ്യർ ഒരിടത്തുമില്ല. ഇന്നു നമുക്ക് മൊട്ടുസൂചിയെന്നപോലെ പണ്ടു മററു ചിലർക്ക് ആവശ്യമുണ്ടായിരുന്ന സാധനങ്ങൾ നാം ഉണ്ടാക്കിക്കൊടുത്തിരുന്നു. അതൊക്കെ വാങ്ങിക്കൊണ്ടു പോകുവാൻ അന്യരാജ്യക്കാർ ഇങ്ങോട്ടു വരുകയും ചെയ്തു. പക്ഷെ, അക്കാലമെല്ലാം പോയി. ഇന്നും അന്യരാജ്യക്കാർ ഇവിടെ വരുന്നുണ്ട്. അതു പക്ഷേ, വാങ്ങുവാനല്ല വാങ്ങിപ്പിക്കുവാനാണ്. എല്ലാ സാധനങ്ങളും നാംതന്നെ ഉണ്ടാക്കിത്തുടങ്ങിയാൽ അവരുടെ ചരക്ക് ചെലവാകുകയില്ല. അതുകൊണ്ടു നാം ഒന്നും ഉണ്ടാക്കാതെ കഴിയുന്നത് അവർക്ക് നല്ലതാണ്. നമുക്ക് മൊട്ടുസൂചിക്കുപോലും മുട്ടുവരുന്നതിൻെറ കാരണം ഇതാകുന്നു.

അതു പോകട്ടെ. കള്ളിമുള്ളിൻെറ ഉള്ളുകള്ളി എന്തെന്നു നോക്കാം. വളരെവേഗം വളർന്നു വ്യാപിക്കുന്ന ഈ കാട്ടുചെടി ഒരു പരദേശിയാണ്. അത് എന്നാണ് എങ്ങനെയാണ് വന്നുകയറിയതെന്നു പറയുവാൻ പ്രയാസമുണ്ട്. എങ്ങനെ വന്നതായാലും അത് ഇന്നൊരു വലിയ ശല്യമായിട്ടാണ് തീർന്നിരിക്കുന്നത്. അതങ്ങോട്ടു വളരാൻ തുടങ്ങിയാൽ ആ സ്ഥലം പിന്നെ എന്തിനെങ്കിലും ഉപയോഗിക്കാൻ സാധിക്കുമെന്നു കരുതേണ്ട. അത്ര വേഗത്തിലാണ് അതു പടർന്നുപിടിക്കുന്നത്.

Digitized by Kerala Sahitya Akademi

ഈ ഉപദ്രവം നമ്മെക്കാൾ എത്രയോ കൂടുതൽ അനുഭവിക്കുന്ന രാജ്യങ്ങൾ വേറെയുണ്ട്, വളരെ നാളത്തെ പരിശ്രമത്തിനുശേഷം അവർ ഇതിനൊരു വിദ്യ കണ്ടുപിടിച്ചു. ചിത്രം നോക്കുക. അതിൽ കാണുന്ന ആ വെളുത്ത പ്രാണിയില്ലേ, അതിനെ അവർ ദൂരെ ഒരു ദിക്കിൽനിന്നു പിടിച്ചുകൊണ്ടുവന്നു കള്ളിമുള്ളുള്ള



പ്രദേശങ്ങളിൽ വിട്ടു. ഇതിനു കള്ളിച്ചെടി വളരെ ഇഷ്ടമാണ്. അതിൻെറ നീരാണ് ഈ ചെറുപ്രാണിയുടെ ആഹാരം. ഈ പ്രാണി പെരുകിത്തുടങ്ങിയപ്പോൾ കള്ളിമുള്ളിൻെറ കഷ്ടകാലവും തുടങ്ങി. ഇവ ഓരോ ചെടിയിലും ആയിരക്കണക്കിനു തിങ്ങിക്കൂടി

Digitized by Kerala Sahitya Akademi

അതിനെ തിന്നുതിന്നു നശിപ്പിച്ചു! കള്ളിമുള്ളു കൊണ്ടു നാടെല്ലാം മൂടിപ്പോകാതെ തടയുവാനുള്ള ഏററവും നല്ല ഉപായം ഇതാണ്. ഈ പ്രാണിയെ കൊണ്ടുവന്നു ചെടിയുടെ ഇടയ്ക്കു വിടേണ്ട ഭാരമേ നമുക്കുള്ളു. ബാക്കിയെല്ലാം അതു നോക്കിക്കൊള്ളും. ഇവ ഇരിക്കുന്നതു കണ്ടാൽ തൈര് കോരിത്തളിച്ചതു പോലെ തോന്നും. അവയെ കുത്തിപ്പൊട്ടിച്ചാൽ ചോര പോലുള്ള ഒരു വസ്തു പുറപ്പെടുന്നതു കാണാം. ഇതു ചിലപ്പോൾ ചായമായി ഉപയോഗിക്കാറുണ്ട്.

ഈ പ്രാണിയെ ഇന്ത്യയിലും കൊണ്ടുവന്നു വിട്ടി ട്ടുണ്ട്. ഇനിയും എവിടെയെങ്കിലും കള്ളിച്ചെടികൾ കാണുമ്പോൾ സൂക്ഷിച്ചു നോക്കുക. ഈ പ്രാണികളെ കാണുവാൻ സാധിക്കും. അവ ഉപദ്രവം ചെയ്യുന്ന ഈ ചെടിയെ തിന്നു നശിപ്പിച്ചു നമ്മുടെ വിളഭൂമികളെ രക്ഷിയ്ക്കുന്ന ജീവികളാണ്. നാട്ടിലുള്ള കള്ളിച്ചെടി യെല്ലാം പിഴുതെടുത്തു നശിപ്പിയ്ക്കുക എന്നത് എളുപ്പ മല്ലെന്നു പറയേണ്ടതില്ലല്ലോ. അതു കുഴിച്ചിട്ടാൽ നശിയ്ക്കുകയില്ല. കുഴിയിൽനിന്നു പിന്നെയും മുളച്ചു വരും. കത്തിച്ചുകളയുകതന്നെ വേണം. ഇതു നട ക്കുന്ന കാര്യമല്ല. ഈ പരമാർത്ഥം ആലോചിക്കുമ്പോൾ എന്തു വലിയ സഹായമാണ് ഈ നിസ്സാരജീവികൾ നമുക്ക് ചെയ്യുന്നതെന്നു കാണാവുന്നതാണ്.

Digitized by Kerala Sahitya Akademi

# 7

# വെട്ടുകിളി

പച്ചക്കുതിര, പച്ചത്തുള്ളൻ എന്നൊക്കെ വിളിയ്ക്കുന്ന പ്രാണിയെ നിങ്ങഠം പിടിച്ചുകളിച്ചിട്ടില്ലേ? ഉണ്ട്; എനിയ്ക്ക് സംശയമേയില്ല. കളിയ്ക്കുന്നതിനിടയിൽ അതിൻെറ ഈർക്കിലിപോലുള്ള കാലുകളിൽ ചിലത് ഒടിച്ചിട്ടുമുണ്ട്. പോട്ടെ; സാരമില്ല. വേണമെന്നു വിചാരിച്ചു ചെയ്യതല്ലല്ലോ. ഏതായാലും ഈ കളികഠംക്കിടയിൽ അതിന്നു ചാടാനും പറക്കാനുമുള്ള



കഴിവെന്തെന്നു നിങ്ങഠം നല്ലതുപോലെ മനസ്സിലാക്കിയിട്ടുണ്ടാവണം. പിടിച്ച പിടിയ്ക്ക് മുറുക്കമില്ലെങ്കിൽ ഒററക്കുതിപ്പിന്ന് അതു കടന്നുകളയും.

പച്ചക്കുതിരയെപ്പോലുള്ള ഒരു പ്രാണിയാണ് വെട്ടുകിളി. പക്ഷെ, അതിൻെറ നിറം പച്ചയല്ല. കണ്ടാൽ അത്രയ്ക്ക് അഴകുമില്ല. പക്ഷേ, അതു പേടിക്കേണ്ട ഒരു ജന്തുവാണ്. ഭാഗ്യവശാൽ നമ്മുടെ നാട്ടിൽ അതിൻെറ ഉപദ്രവം അത്ര വളരെയില്ല. ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻഭാഗങ്ങളിലും മററും അതു കണ

Digitized by Kerala Sahitya Akademi

ക്കററ ശല്യം ചെയ്യാറുണ്ട്. നിനച്ചിരിയ്ക്കാത്ത സമയങ്ങളിൽ അതു വലിയ വലിയ പററങ്ങളായി വന്നിറങ്ങി കൃഷിയെല്ലാം തിന്നു നശിപ്പിച്ചുകളയും. വലിയ പററങ്ങരം എന്നു പറഞ്ഞാൽ നിങ്ങരംക്കതിൻെറ ഒരു ഊഹം കിട്ടുകയില്ല. ഒരു പത്തോ നൂറോ പ്രാണികരം ഒന്നിച്ചു വരും എന്നേ നിങ്ങരം വിചാരിയ്ക്കുകയുള്ളു. വാസ്തവത്തിൽ നൂറോ ആയിരമോ ലക്ഷമോ അല്ല വരുന്നത്. അനേകായിരം കോടി പ്രാണികരംതന്നെ ഉണ്ടാവും. ആകാശത്തിൽ ഉയർന്നു പറന്നുവരുന്നതു കണ്ടാൽ കാർമഘങ്ങളാണെന്നു തോന്നും. ഇതു കാണുമ്പോരം ത്തന്നെ മനുഷ്യർക്ക് പേടിയാകും. എവിടെയാണ് ഇവയുടെ വീഴ്ച ഉണ്ടാകുവാൻ പോകുന്നതെന്നു മുൻകൂട്ടി പറയുവാൻ വിഷമമാണ്. അവ വന്നിറങ്ങിക്കഴിയുമ്പോരം ഒരു പ്രദേശത്തു മുഴുവനും വ്യാപിയ്ക്കുന്നതു കാണാം. പാടത്തും പറമ്പിലും ചെടിയിലും മരത്തിലും പുരപ്പുറത്തും ചിലപ്പോരം മനുഷ്യരുടെ പുറത്തും വെട്ടുകിളികരംതന്നെ. എന്തൊരു കാഴ്ചയാണതെന്ന് ഓർത്തുനോക്കുക. വെട്ടുകിളി വീണ ദിക്കിൽ പച്ചത്തലയുള്ള യാതൊന്നും ശേഷിയ്ക്കുകയില്ല. അൽപ്പനേരംകൊണ്ട് അവ അതെല്ലാം തിന്നുമുടിയ്ക്കും. അത്രയ്ക്ക് വിശന്നുപൊരിഞ്ഞാണ് അവ വരുന്നത്. പിന്നെ എണ്ണവുമുണ്ടല്ലോ. ഒരു മഹാസൈന്യത്തിൻെറ ആക്രമണംപോലെയാണെന്നു പറയാം. കൂടെക്കൂടെയുള്ള വെട്ടുകിളിവീഴ്ചകൊണ്ടു പല ദിക്കുകളിലും മനുഷ്യർക്ക് താമസിക്കുവാൻ കഴിയാതെയായിട്ടുണ്ട്. അവ മനുഷ്യനെ തിന്നുകയില്ലെങ്കിലും അവനു തിന്നാനുള്ളതെല്ലാം തിന്നുകളയും. പിന്നെ എങ്ങനെയാണ് താമസിയ്ക്കുക.

എവിടെനിന്നാണ് ഈ പ്രാണിപ്പട വരുന്നതെന്നു നിങ്ങരം അത്ഭുതപ്പെടുന്നുണ്ടാവും. അതാണ് കേരംക്കേണ്ടത്. പത്തും ആയിരവും രണ്ടായിരവും ചിലപ്പോരം അതിൽ കൂടുതലും നാഴിക അകലെനിന്നാണ് അവയുടെ വരവ്. നിങ്ങളുടെ ഭൂമിശാസ്ത്രപുസ്തക

Digitized by Kerala Sahitya Akademi

ത്തിൽ ഏഷ്യാഭൂഖണ്ഡത്തിൻെറ പടമില്ലേ? അതൊന്ന് എടുത്തുനോക്കുക. ഇന്ത്യയിൽ വരുന്ന വെട്ടുകിളികൾ കാസ്പിയൻ കടലിന്നു ചുററുമുള്ള പ്രദേശങ്ങളിലാണ് ഉണ്ടാകുന്നത്. അവിടെ എപ്പോഴും ഈ സൈന്യങ്ങൾ ഒരുങ്ങിനില്ക്കുകയാണെന്നു ധരിയ്ക്കരുത്. ഇവിടെ പച്ചക്കുതിരയെന്നപോലെ മാത്രമേ അവിടെ വെട്ടുകിളിയേയും സാധാരണ കാണാറുള്ളു. അതിന്നു കൂട്ടം കൂടുന്ന പതിവുമില്ല. പക്ഷേ, ചില കാലങ്ങളിൽ തീററിയുടെ കുറവുകൊണ്ടും മററും അവയുടെ കുഞ്ഞുങ്ങൾ കൂട്ടം കൂടുവാൻ തുടങ്ങും. ഒന്നുരണ്ടാഴ്ചകൊണ്ട് അവയുടെ എണ്ണം എന്തെന്നില്ലാതെ പെരുകുന്നതു കാണാം. ഇതാണ് ആപത്തിൻെറ ആരംഭം. കുഞ്ഞുങ്ങളുടെ പതിവില്ലാത്ത ഈ കൂട്ടുകെട്ട് ഒന്നോടെ ദൂരദിക്കുകളിലേയ്ക്കു പറന്നുപോകുന്നതിനാണ് ഇടയാക്കുന്നത്. അതുകൊണ്ട് ഈ പ്രദേശങ്ങളിൽ വേണ്ട മുൻകരുതലുകൾ എടുത്താൽ മററു ദിക്കുകളെ ആപത്തിൽ നിന്നു രക്ഷിയ്ക്കാമെന്നു തോന്നുന്നില്ലേ. ഒററയ്ക്കു നടക്കുന്ന വെട്ടുകിളിക്കുഞ്ഞുങ്ങൾ കൂട്ടം ചേരുവാൻ തുടങ്ങുന്നതു കാണുമ്പോൾ അവയെ നശിപ്പിച്ചാൽ മതി. അന്നവയ്ക്കു ചിറകില്ലെന്നുള്ളതു വലിയൊരു സൌകര്യവുമാണ്. ഈ വിദ്യ ഇന്നു നടപ്പിലായിട്ടുണ്ട്. എങ്കിലും പ്രയാസങ്ങൾ ഇല്ലാതില്ല. നമ്മുടെ രാജ്യത്തു വരുന്ന വെട്ടുകിളി മറെറാരു രാജ്യത്താണ് ഉണ്ടാകുന്നത്. അവിടെ കേറിച്ചെന്നു നമ്മുടെ രക്ഷയ്ക്ക് ആവശ്യമായ മുൻകരുതലുകൾ ഏർപ്പെടുത്തുവാൻ അവരുംകൂടി സമ്മതിയ്ക്കേണ്ടിയിരിയ്ക്കുന്നു. എല്ലാ രാജ്യക്കാർക്കും തമ്മിൽ സ്നേഹവും ബഹുമാനവും ഉണ്ടെങ്കിൽ ഇതിനു പ്രയാസമില്ല. പക്ഷേ, ഈ നല്ല സ്വഭാവങ്ങളാണല്ലോ രാജ്യങ്ങൾക്കു തമ്മിൽ ഇല്ലാത്തത്. അങ്ങോട്ടുമിങ്ങോട്ടും വഴക്കടിച്ചു നശിയ്ക്കുകതന്നെ. അതിൻെറ കൂടെ ഇങ്ങിനെയുള്ള നാശങ്ങളും.

Digitized by Kerala Sahitya Akademi

## 8

# കോലരക്ക്


കോലരക്ക് ഒരു അങ്ങാടിമരുന്നാണ്. എണ്ണ കാച്ചുന്നതിനും മററും ഉപയോഗിയ്ക്കും. കടയിൽ നിന്നു കൊണ്ടുവരുന്ന കോലരക്ക് പരിശോധിച്ചാൽ അതു ചെറിയ ചെറിയ ഉണക്കക്കമ്പുകളിൽ പററിപ്പി ടിച്ചിരിയ്ക്കുന്നതായി കാണാം. ചില കടകളിൽനിന്നു കിട്ടുന്ന കോലരക്കിൽ കോലു മാത്രമേ കാണുക യുള്ളു. അരക്കിൻെറ പൊടിപോലും കാണുകയില്ല. അതു പക്ഷേ, മറെറാരു കാര്യം.

ഈ മരുന്നു വെള്ളത്തിലിട്ടാൽ നല്ല ചുവപ്പു നിറം കിട്ടും. ഇതു കൈയും കാലും ചുവപ്പി ക്കുവാൻ ഉപയോഗിയ്ക്കാറുണ്ട്. സ്വർണ്ണത്തിനു വണ്ണം കൂട്ടാനും അത് ഉപയോഗിയ്ക്കപ്പെടുന്നു. മുത്തശ്ശി യുടെ കാതിൽ കിടക്കുന്ന തടിയൻതോട കണ്ടിട്ടില്ലേ? അതു മുഴുവനും പൊന്നല്ല, അകത്തെല്ലാം അര ക്കാണ്. മുഴുവൻ പൊന്നായാൽ തൂക്കിക്കൊണ്ടു നടക്കുവാൻ പ്രയാസമാകും. കോലരക്കിനു ഭാരം കുറവാണ്. വിലയും അങ്ങനെതന്നെ.

കോലരക്കു പാട്ടു പാടും. പരിഭ്രമിയ്ക്കേണ്ട. സ്വനഗ്രാഹിയന്ത്രത്തിൽ ദോശക്കല്ലിൻെറ ആകൃതിയിൽ എടുത്തുവെയ്ക്കുന്ന കറുത്ത തട്ട്, അതുകൊണ്ടാണ് ഉണ്ടാക്കിയിരിയ്ക്കുന്നതെന്നേ പറയുന്നുള്ളു. അതുണ്ടാ ക്കുവാൻ കോലരക്കുപോലെ നല്ല ഒരു സാധനം മററില്ല.

ഇങ്ങനെ പലതിനും കൊള്ളാവുന്ന ഈ കോലരക്ക് എന്താണ്? പരമാർത്ഥം പറഞ്ഞാൽ നിങ്ങൾക്ക് അതി നോടു വെറുപ്പുതോന്നിയേയ്ക്കും. എന്നാലും പറയാമെന്ന

Digitized by Kerala Sahitya Akademi




തന്നെ വിചാരിയ്ക്കുന്നു. അതു മരത്തിന്മേലുള്ള ഒരു തരം മൂട്ടയുടെ കട്ടിപിടിച്ച വിയർപ്പാണ്! ഇതാണ് ഇത്ര വലിയ ദിവ്യൗഷധമായി നാം സേവിയ്ക്കുന്നത്.

Digitized by Kerala Sahitya Akademi

എന്താണ് ചെയ്യുക. വൈദ്യന്മാരുടെ കുസൃതിയ്ക്ക് അറുതിയുണ്ടോ? കസ്തൂരിയും കരിമ്പടവും, പാലും വെണ്ണയും എല്ലാം ഇങ്ങനെ ഓരോരോ ജന്തുക്കളിൽ നിന്ന് എടുക്കുന്നതാണെന്നൊരു സാമാധാനമേയുള്ളു.

ഇലന്ത, പൂവണ്ണ് (പൂവണം), കൊടുക്കപ്പുളി എന്നിത്യാദി വൃക്ഷങ്ങളിലാണ് കോലരക്ക് ഉണ്ടാകുന്നത്. അതു താനേ ഉണ്ടാവുകയല്ല. ശ്രദ്ധിച്ചു കൃഷി ചെയ്ത് ഉണ്ടാക്കണം. ഇതിനുപയോഗിയ്ക്കുന്ന 'വിത്താ' ണ് ചിത്രത്തിൽ മൂന്നാമതായി കാണിച്ചിരിയ്ക്കുന്നത്. ഇതു കോലരക്കുപൂച്ചിയുടെ കുഞ്ഞാണ്. നല്ല ചുവപ്പുനിറത്തിൽ ചെറിയ ഉറുമ്പിൻെറ ആകൃതിയിലിരിയ്ക്കും. വലുപ്പവും അത്രയ്ക്കേയുള്ളു. അരക്ക് വിളയുമ്പോരം ഈ കുഞ്ഞുങ്ങരം ലക്ഷക്കണക്കിനു പുറത്തു കടക്കുന്നു. ഇവ പററിയിരിയ്ക്കുന്ന മരക്കൊമ്പുകരം വെട്ടിയെടുത്തു പുതിയ വൃക്ഷങ്ങളിൽവെച്ചാണ് കൃഷിയിറക്കുന്നത്. അവ വൃക്ഷങ്ങളുടെ മൃദുവായ ഭാഗങ്ങളിൽ പററിക്കൂടുന്നു. മരത്തിൻെറ ചാറു, മൂട്ട നമ്മുടെ ചോര വലിച്ചെടുക്കുന്നതുപോലെ, കുടിച്ചുകൊണ്ടാണ് അവ ജീവിയ്ക്കുന്നത്. ഇതിന്നു സൗകര്യം കിട്ടിയാൽ അതു വേഗം വളർന്നുതുടങ്ങും. ഇരുന്നിടത്തുനിന്ന് ഇളകാതെയാണ് ഈ വളർച്ച സംഭവിയ്ക്കുന്നത്. വലുതാകുന്തോറും അതിൻെറ ആകൃതിയൊക്കെ മാറുന്നു. ഉടലിൽ നിന്നു ചുവപ്പുനിറത്തിൽ ഒരു പദാർത്ഥം ഊറിത്തുടങ്ങും, ഇത് അതിൻെറ പുറത്തുതന്നെ കട്ടിപിടിച്ചു, വർദ്ധിച്ചുവർദ്ധിച്ച് ഒടുവിൽ ഒരു ശവക്കല്ലറപോലെ ആയിത്തീരുന്നു. പൂച്ചി അതിൻെറ അടിയിൽ അകപ്പെട്ടുപോകും. 4—ം, 2—ം ചിത്രങ്ങരം നോക്കുക. ഇവ വളർച്ചയുടെ പടികളാണ്. കാലും വാലുമൊന്നും കാണാനില്ല. അതെല്ലാം, നമ്മുടെ ശരീരത്തിൽ വിയർപ്പ് ഊറുന്നതുപോലെ ഉണ്ടായ അരക്കുകൊണ്ടു മൂടപ്പെട്ടുപോയി. ശ്വാസം മുട്ടാതെയിരിക്കാൻ ദ്വാരങ്ങരം വിട്ടിട്ടുണ്ട്. പക്ഷേ, ഇവയും അരക്കു

Digitized by Kerala Sahitya Akademi

കൊണ്ട് അടഞ്ഞുപോയെന്നു വരാം. അതു കരുതിയാണ് ശരീരത്തിൽനിന്നു ചില നാരുകൾ വളർന്നു നിൽക്കുന്നത്. ഇവയുള്ളതുകൊണ്ട് ദ്വാരങ്ങൾ അടയാതെ കിടക്കുന്നു. വളർന്നു പ്രായമായാൽ പ്രാണി മുട്ടയിടുകയും അതേത്തുടർന്ന് അത് ഈ അരക്കില്ലത്തിനടിയിൽ കിടന്നു മരിക്കുകയും ചെയ്യുന്നു. അടുത്തടുത്തുള്ള പ്രാണികളുടെ അരക്കില്ലങ്ങളെല്ലാം ഒട്ടിച്ചേർന്നു പൊററപിടിച്ചിരിയ്ക്കുന്നതു കാണാം. വിയർപ്പിനകത്തു വീർപ്പുമുട്ടിമരിയ്ക്കുവാനാണ് ഈ പ്രാണികളുടെ വിധി. അവയുടെ മുട്ട വിരിഞ്ഞുണ്ടാകുന്ന കുഞ്ഞുങ്ങൾ അരക്കുകോട്ടയിൽ ദ്വാരമുണ്ടാക്കി പുറത്തു കടക്കുന്നു. 2—ാം ചിത്രത്തിൽ ഇതു കാണിച്ചിട്ടുണ്ട്. ഈ കുഞ്ഞുങ്ങളെയാണ് വീണ്ടും വിത്തിനുപയോഗിയ്ക്കുന്നത്. അവ വിട്ടിട്ടു പോരുന്ന അരക്കിൻപൊററകൾക്കടിയിലെല്ലാം അനേകമനേകം അമ്മപ്പൂച്ചികൾ മരിച്ചുണങ്ങിക്കിടപ്പുണ്ട്.

പെൺപൂച്ചികളാണ് വലിയ അരക്കിൻപൊററകളുണ്ടാക്കുന്നത്. ആൺപൂച്ചികളും അരക്കുണ്ടാക്കാറുണ്ടെങ്കിലും അതു വളരെക്കുറച്ചേ കാണുകയുള്ളു. ഇവ രണ്ടുതരത്തിലുണ്ട്. ചിറകുള്ളതും ചിറകില്ലാത്തതും. ചിറകുള്ളതിനെയാണ് 5—ാം ചിത്രത്തിൽ കാണിച്ചിരിയ്ക്കുന്നത്.

Digitized by Kerala Sahitya Akademi

# 9

# നങ്ക്


കണ്ടാൽ ചിരിവരുന്ന ഒരു മീനാണിത്. പരന്ന ശരീരം; നാക്കിൻെറ ആകൃതി; ഒരു വശം കറുത്തത്; മറുവശം വെളുത്തത്; തലയും പരന്നതുതന്നെ. വിദ്വാൻെറ രണ്ടു കണ്ണും ഒരു വശത്താണ്. വാലിൽ കുത്തി നടന്നെങ്കിലല്ലാതെ ഇവയുപയോഗിച്ചു മുന്നോട്ടു നോക്കുവാൻ കഴിയില്ല. പരന്ന ശരീരമുള്ള മററു മത്സ്യങ്ങളെപ്പോലെ തൂക്കായി നീന്തുകയാണെങ്കിൽ ഒരു വശമേ കാണുകയുള്ളു. മറുവശത്തു നിന്നു വരുത്തുന്ന ആപത്തു കൊള്ളുമ്പൊഴേ അറിയൂ. ആവോലി, പള്ളത്തി, കരിമീൻ എന്നിങ്ങനെയുള്ള മത്സ്യങ്ങൾക്ക് ഇലപോലെ പരന്ന ശരീരമാണുള്ളത്. ഒരു വശത്തെ കണ്ണുകൊണ്ട് എതിർവശത്തു നടക്കുന്നതൊന്നും അറിവാൻ കഴിവില്ല. രണ്ടു കണ്ണുകൾക്കും ഇടയ്ക്ക് ശരീരം ഒരു മറപോലെ നിൽക്കുകയാണ്. എന്നിട്ടും അവ എത്ര തൻേറടത്തോടെയാണ് നീന്തുന്നതു്. ഇത്തരം മത്സ്യങ്ങൾ വെള്ളത്തിൽ നീന്തിക്കളിയ്ക്കുന്നതു കാണേണ്ട കാഴ്ചയാണ്. ശരീരം തൂക്കായുള്ള നിലയിൽ നിന്നു തെററുകയില്ല. തെററുന്നതു കണ്ടാൽ മീനിനു തൻെറ ഉടലു കൊണ്ടുനടക്കാൻ കഴിയുന്നില്ലെന്നും അതിന് എന്തോ തകരാറുപററിയിട്ടുണ്ടെന്നും തീർച്ചയാക്കാം. ഈ അഭ്യാസമൊന്നും നങ്കിനു സാധ്യമല്ല. അതിനിങ്ങനെ നിവർന്നു നീന്തുവാൻ കഴിവില്ല. കടലിൻെറ അടിത്തട്ടിൽ കണ്ണുള്ള വശം മുകളിലാക്കി പരന്നു കിടക്കുകയാണ് അതു ചെയ്യുന്നത്. ഈ നിലയിൽ കിടന്നുകൊണ്ടു ശരീരം വെട്ടിച്ചു ചാടുന്ന ചാട്ടങ്ങളല്ലാതെ വലിയ നീന്തലിനൊന്നും അതു മുതിരാറില്ല. മുകളിലേയ്ക്ക് തിരിഞ്ഞ, കണ്ണുള്ള വശമാണ്

Digitized by Kerala Sahitya Akademi

കറുത്തിരിക്കുന്നത്. അടിത്തട്ടിൽ തൊട്ടുകിടക്കുന്ന വശം നല്ല വെളുപ്പാണ്.

ഇങ്ങിനെ നിലം പററിക്കിടക്കുവാനുള്ള നിർബ്ബന്ധംകൊണ്ടാണ് നങ്കിന് ഈ ഗോഷ്ഠിയെല്ലാം ഉണ്ടായത്. മുട്ടയിൽനിന്നു വിരിഞ്ഞിറങ്ങുമ്പോൾ അതിന് ഈ 'നങ്കത്ത''മൊന്നുമില്ല. ചിത്രത്തിൽ നോക്കുക.





ഇളംനങ്കിൻെറ രൂപം കണ്ടില്ലേ. നല്ല അഴകുള്ള, രണ്ടു കണ്ണും അതാതിൻെറ വശത്തുതന്നെയുള്ള ഒരു മീൻകുഞ്ഞാണത്. അതു മുതിർന്നവരെപ്പോലെ ചെളിയിൽ കിടന്ന് ഇഴയാതെ കടലിൻെറ മുകൾനിരപ്പിനോടടുത്തു നീന്തി നടക്കുന്നു. പക്ഷേ, ഇങ്ങനെ അധികം നാൾ നീന്തുവാൻ അതിനു കഴിയുന്നില്ല. നാലു കാലിൽ മണ്ണുവാരിക്കളിച്ചു നടക്കുന്ന മനുഷ്യശിശു

Digitized by Kerala Sahitya Akademi

കുറേക്കഴിയുമ്പോഠം ആ രീതിവിട്ടു നിവർന്നു നടക്കാൻ തുടങ്ങുന്നതുപോലെ കുഞ്ഞുനങ്കും ക്രമേണ അടിത്തട്ടിലേയ്ക്കു താണു പോകുന്നു. അതിൻെറ വളർച്ച ആ വഴിയ്ക്കാണ്. പ്രായമാകുമ്പോഴാണ് അതു മണ്ണിലും ചെളിയിലും ഇഴയുവാൻ തുടങ്ങുന്നത്. അതിൻെറ ഒരു വശത്തെ കണ്ണു പതുക്കെ സ്ഥാനത്തു നിന്നു നീങ്ങിവരുന്നതു കാണാം. തലയുടെ മുകഠം വശത്തിൻെറ നേർക്കാണ് അതു നീങ്ങുന്നത്. നീളമില്ലാത്തവൻ മതിലു കയറിയിറങ്ങുന്നതുപോലെ അതു പതുക്കെപ്പതുക്കെ, അനേകം ആഴ്ചകഠംകൊണ്ടു മറുവശത്തെത്തുന്നു. തലയുടെ ആകൃതിയെല്ലാം മാറിപ്പോകും. നമ്മുടെ രണ്ടു ചെവിയും ഒരു വശത്തു വരുത്തണമെങ്കിൽ തലയുടെ ആകൃതിയ്ക്ക് എന്തു മാത്രം വ്യത്യാസം വരണമെന്ന് ആലോചിച്ചു നോക്കുക. ചില മാസ്റ്ററന്മാരുടെ പെരുമാററം കണ്ടാൽ ഇതിനുതന്നെയല്ലേ ശ്രമിയ്ക്കുന്നതെന്നു തോന്നിപ്പോകും. ചെവിമാത്രം പിടിച്ചുനീക്കിയിട്ടു വരാത്തതുകൊണ്ടല്ലേ വിരലു മടക്കി തലയ്ക്കും ചില പ്രയോഗങ്ങഠം ചെയ്യുന്നത്. നങ്കിൻെറ കാര്യത്തിൽ ഈ മാററം ആരും ബലം പ്രയോഗിച്ചു വരുത്തുന്നതല്ല. മുട്ടിന്മേൽ നീന്തിയ കുഞ്ഞ് എഴുന്നേററു നടക്കുന്നതുപോലെ തനിയേ ഉണ്ടാകുന്ന ഒരു മാററമാണത്. വേലി കടന്നു വരുന്ന കുറുക്കനെപ്പോലെ ചിലപ്പോഠം മുതുകത്തുള്ള ചിറകു തുളച്ചാണ് ഒരു കണ്ണു മറുവശത്തെത്തുന്നത്.


മീൻകണ്ണേ, മീൻകണ്ണേ,
നങ്കിനു വെച്ചതു കോങ്കണ്ണേ!

Digitized by Kerala Sahitya Akademi

## 10

# അളുങ്ക്

നിങ്ങൾ ഈ ജന്തുവിനെ കണ്ടിട്ടുണ്ടോ? ഇതു നമ്മുടെ നാട്ടിലുള്ളതാണ്. 'അളുങ്ക്' എന്നു പറയും. കാണാൻ വളരെ കൌതുകമുള്ളതാണെങ്കിലും കാണാൻ കിട്ടുന്ന കാര്യം പ്രയാസമാണ്. എന്തെന്നാൽ രാത്രിയിലാണ് അതിൻെറ സഞ്ചാരമെല്ലാം. പകൽ സമയത്തു ഭൂമിയിലുള്ള മാളത്തിനുള്ളിലായിരിക്കും. അതു മണ്ണിലേക്കു തുരന്നിറങ്ങുന്നതു കാണേണ്ട കാഴ്ചയാണ്. ഇളകിക്കിടക്കുന്ന മണ്ണാണെങ്കിൽ നാം അറുപതെണ്ണും മുമ്പ് അതു മറഞ്ഞു കഴിയും. അത്ര വേഗത്തിലാണ് തുരക്കുന്നത്.



ഇതിൻെറ ദേഹമെല്ലാം കഷണം കഷണമായി നില്ക്കുന്ന പരന്ന തോടുകളാൽ മൂടപ്പെട്ടിരിക്കുന്നു.

Digitized by Kerala Sahitya Akademi

പുരസ്സ് ഓടു മേയുന്നതുപോലെയാണ് ഇവയുടെ അടുക്ക്. അതായത് മീനിൻെറ ചെതുമ്പലുപോലെ കേറിയിറങ്ങിയ മട്ടിൽ. കാളയുടെയും മററും കൊമ്പു പോലുള്ള ഒരു സാധനംകൊണ്ടാണ് ഈ തോട് ഉണ്ടാക്കിയിരിയ്ക്കുന്നത്. ഓരോ കഷണത്തിൻെറയും മുൻപിലത്തെ അരിക് ശരീരത്തോട് ഒട്ടിയിരിയ്ക്കുന്നു. അളുങ്കിന് ഈ തോടുകരം ഇളക്കുവാൻ കഴിവുണ്ട്. അവ നല്ല കട്ടിയുള്ളതാണ്. മൂർച്ചയുമുണ്ട്. പുറകോട്ട് ഒരു നിരക്കം നിരങ്ങിയാൽ അറപ്പുവാരം പോലെ മുറിയും. ഈ പടച്ചട്ടയുടെമേൽ വെടിവെച്ചാൽപ്പോലും ഏല്ക്കുകയില്ല.

അളുങ്കിനു നാലടിയോളം നീളം കാണും. നല്ല ഭാരവുമുണ്ട്. കുണുങ്ങിക്കുണുങ്ങി അഴകില്ലാതെയാണ് അതു നടക്കുന്നത്. നീണ്ടു കട്ടിയുള്ള വാല് മിക്കപ്പോഴും നിലത്തുനിന്നു പൊങ്ങി നില്ക്കുന്നതു കാണാം. മുൻകാലിലെ നഖങ്ങരം പുറകോട്ടു മടക്കിയാണ് നിലത്ത് ഊന്നുന്നത്. ഉടലിൻെറ അടിവശത്തു തോടുകളില്ല. അവിടം മുഴുവനും രോമമാണ്. പുറത്തും വാലിന്മേലും തോടുകളുടെ ഇടയ്ക്കിടയ്ക്കായി നീണ്ടു ചകിരിനാരുപോലുള്ള രോമങ്ങളുണ്ട്.

തല നീണ്ട് കൂർത്തതാണ്. കണ്ണിന് നല്ല പ്രകാശമുണ്ട്. അളുങ്കിന് പല്ലില്ല. നാക്കിന് ഒന്നര അടിയോളം നീളമുണ്ട്. അതു പുറത്തേയ്ക്ക് നീളുന്നതു കണ്ടാൽ ഒരു പാമ്പ് ഇറങ്ങിവരുകയാണെന്നു തോന്നും. നല്ല പശയുള്ള തുപ്പൽ അതിന്മേൽക്കൂടെ ധാരാളമായി ഒഴുകുന്നതു കാണാം. ഉറുമ്പും ചിതലും കൂടിക്കിടക്കുന്ന സ്ഥലങ്ങളിൽചെന്ന് തുപ്പലിൽ കുഴഞ്ഞ നാക്കിട്ടുരുട്ടി വിഴുങ്ങിയാണ് അത് ആഹാരം കഴിയ്ക്കുന്നത്. പല്ലില്ലാത്തതുകൊണ്ട് ഇതല്ലാതെ മറെറാന്നും തിന്നുവാൻ കഴിവില്ല. പടച്ചട്ടയിട്ട ഈ ജന്തുവിനോട് പോരടിയ്ക്കാൻ ഉറുമ്പുകരംക്ക് ഒരു നിവൃത്തിയുമില്ല. വെടിയുണ്ടയേല്ക്കാത്ത വിദ്വാനെ കടിച്ചാൽ നോവുമോ?

Digitized by Kerala Sahitya Akademi

അത്ഭുതകരമായ ഈ ജന്തു വെറും പാവമാണ്. അതിനെക്കൊണ്ട് നമുക്ക് യാതൊരു ഉപദ്രവവുമില്ല. അതിനെ പിടികൂടിയാൽ തോടുകളുടെ വക്കുകൊണ്ടു കയ്യോ കാലോ മുറിഞ്ഞേയ്ക്കാം. അല്ലാതൊന്നും പേടിയ്ക്കാനില്ല. അതിൻെറ മാംസം രുചിയുള്ളതാണെന്നു പറയുന്നു. കാട്ടുജാതിക്കാർക്ക് അളുങ്കിനെ കിട്ടിയാൽ അന്ന് സദ്യയാണ്. ചില രോഗങ്ങൾ ഭേദപ്പെടുത്താനും അളുങ്കിൻമാംസം കൊള്ളാമെന്ന് അവരുടെ ഇടയ്ക്ക് വിശ്വാസമുണ്ട്. ആഫ്രിയ്ക്കയിലെ ചില കാപ്പിരിവർഗ്ഗക്കാർ ഈ ജന്തുവിനെ ഹോമങ്ങൾക്കും പൂജകൾക്കും ഉപയോഗിക്കാറുള്ളതായി സഞ്ചാരികൾ പറയുന്നു.

പലരും അളുങ്കിനെ പിടിച്ചു വളർത്താൻ നോക്കിയിട്ടുണ്ട്. പക്ഷെ, അത് ഒരിയ്ക്കലും മെരുങ്ങുകയില്ല. എന്നുമാത്രവുമല്ല അതു പട്ടിണികിടന്ന് അധികം നാൾ കഴിയുംമുമ്പ് ചത്തുപോകുന്നതായും കാണുന്നു. അളുങ്ക് മുട്ടയിടുകയല്ല, കുഞ്ഞുങ്ങളെ ജീവനോടെ പ്രസവിയ്ക്കുകയാണ് ചെയ്യുന്നത്. ദേഹത്തു രോമമുള്ള ജന്തുക്കളുടെയെല്ലാം പതിവ് ഇതാണ്.

അളുങ്കിൻതോടുകൊണ്ടു വളകളും മററും ഉണ്ടാക്കാം. പക്ഷേ, ഈ ആഭരണങ്ങൾക്ക് കാളയുടെയോ പോത്തിൻേറയോ കൊമ്പുകൊണ്ടുണ്ടാക്കുന്നവയെക്കാൾ വിശേഷമൊന്നുമില്ല. ധാരാളം കിട്ടാത്ത ഒരു സാധനമാണെന്നു വേണമെങ്കിൽ പറയാം. ഏതായാലും ഈ തോട് അളുങ്കിന് വലിയൊരു അനുഗ്രഹമാണ്. ഇതുള്ളതുകൊണ്ട് ഒരുമാതിരി ശത്രുക്കളൊന്നും അതിനെ ഉപദ്രവിയ്ക്കുകയില്ല. ആരെങ്കിലും ശല്യപ്പെടുത്തിയാൽ ചുരുണ്ടുകൂടി, തല ഉള്ളിലാക്കി, വാലുകൊണ്ടു പൊതിഞ്ഞ് ഒരു വശത്തുകൂടെയും നോവിയ്ക്കാൻ കഴിയാത്ത മട്ടിൽ അതു കിടന്നുകളയും. ഈ അവസ്ഥയിൽ ചവിട്ടിയാലും തൊഴിച്ചാലും മലഞ്ചരുവിൽ ഉരുട്ടിയാലും എത്ര ഉയരത്തിൽ പൊക്കി കൈവിട്ടാലും അതിന് ഒന്നും വരാനില്ല. അന്യരാജ്യ

Digitized by Kerala Sahitya Akademi

ങ്ങളിലുള്ള ചിലതരം അളുങ്കുകൾ മരംകേറികളാണ്. കേറുവാനല്ലാതെ ഇറങ്ങുവാൻ അവയ്ക്ക് പ്രയാസമില്ല. കൊമ്പത്തുനിന്ന് ചുരുണ്ടുകൂടി താഴേയ്ക്ക് താനേ വീഴുകയാണ് പതിവ്. നമ്മുടെ നാട്ടിലെ അളുങ്കിന് ഇങ്ങനെ മരം കേറുന്ന പതിവില്ല.

സാധാരണയായി ആരും കാണാത്ത ജന്തുവാക യാൽ അളുങ്കിനെപ്പററി കഥകളൊന്നും കേട്ടിട്ടില്ല. എങ്കിലും പലയാളുകളും രാത്രിയിൽ തനിയേ നടക്കു മ്പോൾ കണ്ട് പേടിച്ചോടിയിട്ടുള്ള 'ഈനാംചക്കി'യും മററും വാസ്തവത്തിൽ സാധുവായ ഈ ജന്തുവല്ലേ എന്ന് സംശയിയ്ക്കേണ്ടിയിരിക്കുന്നു. കൂർത്ത മുഖമുണ്ടെന്നും, ഉരുണ്ടുരുണ്ടു പോകുമെന്നും, പെട്ടെന്ന് കാണാ താകുമെന്നും, കിലുകിലാശബ്ദം പുറപ്പെടുവിയ്ക്കു മെന്നും, ദുർഗ്ഗന്ധം ഉണ്ടെന്നും പറയുമ്പോൾ അത് അളുങ്കിനും യോജിയ്ക്കും. പോരെങ്കിൽ ചിലപ്പോൾ അത്ര കൂനിയ കിഴവികൾ പ്രാർത്ഥിയ്ക്കുവാൻ തുടങ്ങുമ്പോ ഴത്തെപ്പോലെ ഇരിയ്ക്കാറുണ്ട്. ചിത്രത്തിൽ ഈ ഇരി പ്പാണ് കാണിച്ചിരിക്കുന്നത്. ഇങ്ങനെ ഇരിയ്ക്കുന്ന അളുങ്കിനെ രാത്രിയിൽ പെട്ടെന്നു കാണുമ്പോൾ ഏതോ പിശാച് കൂടോത്രം ചെയ്യുകയാണെന്ന് ഒരുപക്ഷെ തോന്നിയേയ്ക്കാം. കിലുകിലശബ്ദം തോടുകൾ തമ്മി ലുരഞ്ഞുണ്ടാകുന്നതാണ്. ദുർഗ്ഗന്ധം അതിന് എപ്പോ ഴുമുണ്ടുതാനും. പെട്ടെന്നു കാണാതാകുന്നതിൻെറ രഹസ്യം ആദ്യംതന്നെ പറഞ്ഞുവല്ലോ. എന്തോ ആർക്കറിയാം. ഒരുപദ്രവും ചെയ്യാത്ത ഈ പാവപ്പെട്ട ജന്തുവായിരിക്കാം പലരേയും പേടിപ്പിച്ചിട്ടുള്ളത്!

Digitized by Kerala Sahitya Akademi

## 11


# പുഴയിലെ ഉഴവൻ

'കൂട്ടത്തിൽ പാടുന്നതും വെള്ളത്തിൽ പൂട്ടുന്നതും എളുപ്പമാണെ'ന്ന് ഒരു പറച്ചിലുണ്ട്. പൂട്ടുക എന്നു വെച്ചാൽ ഉഴുക എന്നർത്ഥം. എളുപ്പമായതുകൊണ്ടോ എന്തോ വെള്ളത്തിൽ പൂട്ടുന്നതുതന്നെ പതിവാക്കി വെച്ചിരിക്കുന്ന ചില ജന്തുക്കളുണ്ട്. 1—ാം ചിത്രം നോക്കുക. അത് പുഴകളുടെ ആഴത്തിൽ ഉഴവുതന്നെ തൊഴിലായി കഴിയുന്ന ഒരു കുഴിമടിയൻേറതാണ്. നിങ്ങളുടെ ദിക്കിൽ ഇതിന് എന്താണ് പേർ പറയുന്നതെന്ന് എനിയ്ക്ക് നിശ്ചയമില്ല. കക്ക എന്നാണ് ഞാൻ കേട്ടിട്ടുള്ള പേര്. പക്ഷേ, കക്ക പലതരത്തിലുണ്ട്. അതുകൊണ്ട് ഇതിനെ നമുക്ക് ആററുകക്ക എന്നോ ഉഴവൻകക്ക എന്നോ വിളിയ്ക്കാം.

അതിൻെറ ആകൃതി നോക്കുക. ഒരുപോലുള്ള രണ്ടു തോടുകളുടെ ഇടയ്ക്കുള്ള ഇടുങ്ങിയ സ്ഥലത്താണ് ഇരിപ്പ്. തോട് ഇരുവശത്തും ഒട്ടിപ്പിടിച്ചിരിയ്ക്കുകയാണ്. ആകപ്പാടെ ഒരു ചുണ്ണാമ്പുകരണ്ടകത്തിൻെറ മട്ടുണ്ട്. (ഇടയ്ക്കൊന്നു പറയട്ടെ; ഈ ചുണ്ണാമ്പെന്നു പറയുന്നത് ഇത്തരം ജന്തുക്കളുടെ തോടു നീററിയുണ്ടാക്കുന്നതാണ്.) തോടുകരം രണ്ടും ബലമായി അടച്ചിരിക്കും. ഒരററംമാത്രം വെള്ളത്തിലേയ്ക്ക് നീട്ടിക്കൊണ്ട് ചെളിയിലോ മണലിലോ പുതഞ്ഞിരിയ്ക്കുകയാണ് അത് സാധാരണ ചെയ്യുന്നത്. പക്ഷേ, എപ്പോഴും ഒരേ സ്ഥാനത്തുതന്നെയാണ് ഇരിയ്ക്കുന്നതെന്ന് ധരിയ്ക്കരുത്. ചുണ്ണാമ്പുകരണ്ടകംപോലുള്ള ഈ ജന്തു എങ്ങനെ നടക്കാനാണെന്ന് ചോദിച്ചേയ്ക്കാം. അതാണ് അത്ഭുതം. അതിന് ഒരു കാലുണ്ട്. അത് കലപ്പ (കരിക്കോൽ)യുടെ അററത്തുള്ള കൊഴുവിൻെറ ആകൃതി

Digitized by Kerala Sahitya Akademi

യിലായിരിയ്ക്കും. ആവശ്യമുള്ളപ്പോൾ അത് തോടുകളുടെ ഇടയ്ക്കുകൂടി പുറത്തേയ്ക്ക് നീളും. ഈ കാലുകൊണ്ടാണ് അത് ഉഴുതുഴുതു പതുക്കെപ്പതുക്കെ മുന്നോട്ടു നീങ്ങുന്നത്; അല്ല നിരങ്ങുന്നത്.




മുകളിൽ വെള്ളത്തിലേയ്ക്കു നീണ്ടുനില്ക്കുന്ന അററത്തു രണ്ടു ദ്വാരങ്ങളുണ്ട്. ഇതിൽ ഒന്നിലൂടെ വെള്ളം എപ്പോഴും അകത്തേയ്ക്കു കടന്നുകൊണ്ടിരിക്കുന്നു. മററതിലൂടെ പുറത്തേയ്ക്കും. പടത്തിലെ അമ്പടയാളങ്ങൾ നോക്കുക. അവ വെള്ളത്തിൻെറ പോക്കാണ് കാണിക്കുന്നത്. ഈ വെള്ളത്തിലൂടെ വരുന്ന പൊട്ടുംപൊടിയുമൊക്കെയാണ് അതിൻെറ


Digitized by Kerala Sahitya Akademi

ആഹാരം. വായ് താഴത്തെ അററത്താണ്. വെള്ളത്തിലൂടെ വന്നുചേരുന്ന ആഹാരമെല്ലാം ഒടുവിൽ അവിടെ ചെന്നടിയും. അകത്തുകൂടെയുള്ള ഈ ഒഴുക്കു നിന്നുപോയാൽ നമ്മുടെ ഉഴവനു വലിയ ആപത്താണ്. അതിനു മറെറാരുവിധത്തിലും ആഹാരം കഴിക്കുവാൻ നിവൃത്തിയില്ല. ചിലതരം കക്കകൾ ഈ വിദ്യ ഒരു പടികൂടി മുന്നോട്ടു കൊണ്ടുപോകാറുണ്ട്. 2—ാം ചിത്രത്തിൽ ഇത്തരം ഒരു ജന്തുവിനെയാണ് കാണിച്ചിരിക്കുന്നത്. ഈ ജാതി കക്കകൾ തിരുവിതാംകൂറിലെ അഷ്ടമുടിക്കായലിൽ ധാരാളമുണ്ട്. അവയിൽ ചിലതിൻെറ തോടുകൾക്ക് ഏഴെട്ടിഞ്ചു നീളം കാണും. അവയ്ക്കു പുറകിലെ ദ്വാരങ്ങളുടെ സ്ഥാനത്തു നീണ്ട രണ്ടു കുഴലുകളാണുള്ളത്. ഇതുള്ളതുകൊണ്ട് ഇത്തരം കക്കയ്ക്കു ചെളിയിലേയ്ക്കു വളരെയധികം താണിരിക്കുവാൻ സാധിക്കും. കുഴലുകളുടെ തുമ്പുമാത്രമേ വെളിയിൽ കാണുകയുള്ളു. ആവശ്യം നേടാൻ ഇതു മതിതാനും. വെള്ളം ഈ കുഴലുകൾവഴി കേറിയിറങ്ങിക്കൊള്ളും.


ആററുകക്കയുടെ മുട്ട തോടിനകത്തുവെച്ചുതന്നെയാണ് വിരിയുന്നത്. വിരിഞ്ഞുണ്ടാകുന്ന കുഞ്ഞിനെയാണ് 3—ാം ചിത്രത്തിൽ കാണിച്ചിരിക്കുന്നത്. ഇവ നമുക്കു കണ്ണു ഞെരിച്ചു നോക്കിയാലും കാണാൻ കഴിയാത്തവണ്ണം ചെറുതാണ്. മൂർച്ചയേറിയ മുള്ളുകളോടുകൂടിയ രണ്ടു ചെറിയ തോടുകളും, നടുക്കൊരു ചരടും അതിൽ കാണാം, ഈ കുഞ്ഞുങ്ങൾ പുറത്തേയ്ക്കു പോകുന്ന വെള്ളത്തിലൂടെ വെളിയിൽ കടക്കുന്നു, അവ പിന്നെ അടുത്തുകൂടി കടന്നുപോകുന്ന വല്ല മീനിൻെറയും ശരീരത്തിൽ ഒട്ടിപ്പിടിക്കുകയാണ് ചെയ്യുന്നത്. മത്സ്യങ്ങൾ സാധാരണ വെള്ളം കവിൾക്കൊണ്ടു കഴുത്തിൻെറ ഇരുവശത്തുമുള്ള ദ്വാരങ്ങൾ വഴി പുറത്തു വിടുന്നതു നിങ്ങൾ കണ്ടിരിക്കും. ഈ വഴിക്കാണ് നമ്മുടെ ഉഴവൻകു

Digitized by Kerala Sahitya Akademi

ഞ്ഞുങ്ങൾ മീനിൻെറ കഴുത്തിലും മററും ഉടക്കുന്നത്. (4—ാം ചിത്രം നോക്കുക)ഇങ്ങനെ പററിയി



3



4

രുന്ന് അവ വളരുന്നു. കുറേക്കഴിഞ്ഞു ചെളിയിലേയ്ക്ക് ഉതിർന്നുവീണു പഴയപടി ഉഴവു തുടങ്ങിക്കൊള്ളും.

Digitized by Kerala Sahitya Akademi

# 12


# നാടവെര

തയ്യൽക്കാരൻ നിങ്ങളുടെ അളവെടുക്കാൻ ഉപയോഗിക്കുന്ന നാടയുടെ ആകൃതിയിലുള്ള ഒരു ജന്തുവാണിത്. അതിൻെറ താമസസ്ഥലമോ? അത്ഭുതമെന്നല്ലാതെ എന്തുപറയട്ടെ, നമ്മുടെ കുടലുതന്നെ! കുടലിനകത്തു നാടയും തൂക്കിയിട്ടുകൊണ്ടു നടക്കുന്ന പല യോഗ്യന്മാരും നമ്മുടെ കൂട്ടത്തിലുണ്ട്. അവരെ കണ്ടുപിടിക്കുവാൻ അത്ര എളുപ്പമല്ല.

നാടവെരയുടെ ജീവിതം പരമസുഖമാണ്. ആഹാരം തേടിനടക്കേണ്ട. ആഹാരത്തിനകത്തു മുങ്ങിത്തന്നെയാണ് അതിൻെറ കിടപ്പ്. പട്ടിണിക്കാരൻെറ കുടലിലാണ് ചെന്നു കേറിയതെങ്കിൽ കാര്യം കുറേ കഷ്ടത്തിലാകുമായിരിക്കാം. എന്നാലും ഉള്ളതിലോഹരി അതിനു കിട്ടാതിരിക്കുകയില്ല. നാമതു ദയവായി കൊടുക്കുകയും മററും വേണ്ട. നമുക്ക് എത്തും പിടിയുമില്ലാത്ത സ്ഥാനമല്ലേ. ആവശ്യം പോലെ കേറിയെടുത്താൽ തടയുവാൻ നമുക്കു കഴിവില്ല. നാടവെരയ്ക്ക് ആഹാരം ദഹിപ്പിക്കേണ്ട ജോലിപോലുമില്ല. അതും നാംതന്നെ ചെയ്യണം. ഈ സൌകര്യംകൊണ്ടാണ് അതിന്നു വായും കുടലും ഒന്നുമില്ലാത്തത്. നമ്മുടെ ദേഹത്തു പുരട്ടിയ എണ്ണ ഉള്ളിലേയ്ക്കു വലിയുന്നതുപോലെ, തൻെറ തൊലിപ്പുറത്തുകൂടി നമ്മുടെ കുടലിൽ കിടക്കുന്ന ആഹാരം വലിച്ചെടുക്കുവാൻ അതിനു സാധിക്കുന്നു.

ഈ വിചിത്രജീവിയുടെ ശരീരം അനേകം കണ്ണികൾ കൂട്ടിത്തൊടുത്തിയതുപോലെയിരിക്കുന്നു. ഇത്തരം ആയിരത്തിലധികം കണ്ണികളും ആകപ്പാടെ

Digitized by Kerala Sahitya Akademi



രണ്ടുമൂന്നടി നീളവും കാണും. ഒരററം വീതികുറഞ്ഞതാണ്. ഇവിടമാണ് കുടലിന്മേൽ തൊടുത്തിയിരിക്കുന്നത്. വേഗമൊന്നും വിട്ടുപോകാതിരിക്കുവാൻവേണ്ട കരുതലുകൾ ചെയ്തിട്ടുണ്ട്. കുടലിന്മേൽ

Digitized by Kerala Sahitya Akademi

ഉടക്കിപ്പിടിക്കുവാൻവേണ്ടി അനേകം കൊളുത്തുകളും കാണുവാൻ സാധിക്കും. ബാക്കി ശരീരം തുടലു പോലെ തൂങ്ങിക്കിടക്കുകയാണ്.

ഉടലിൻെറ കണ്ണികൾക്കകത്തെല്ലാം മുട്ടയാണ്. വളരെ വളരെ ചെറുതായ ഈ മുട്ടകൾകൊണ്ടു നിറയുമ്പോൾ പിന്നിലെ അററത്തുള്ള കണ്ണി വേർപെട്ടു പോകും. ഇങ്ങനെ പിന്നിൽനിന്നു കണ്ണികൾ ഓരോന്നായി വേർപെടുമ്പോൾ മുന്നിൽനിന്നു പുതിയവ ഉണ്ടാകുന്നു. ചുരുക്കത്തിൽ ഇതു മുട്ടയുണ്ടാക്കുന്ന ഒരു നീണ്ടയന്ത്രമാണെന്നു പറയാം. വേർപെടുന്ന കണ്ണികൾ നമ്മുടെ കുടലിൽനിന്നു പുറത്തുപോകുമെന്നു പറയേണ്ടതില്ലല്ലോ. മണ്ണിൽ വീണ് അവ പൊട്ടുകയും മുട്ടയെല്ലാം പൊഴിയുകയും ചെയ്യുന്നു.

ഈ മുട്ടയിൽനിന്നുണ്ടാകുന്ന കുഞ്ഞുങ്ങളുടെ ജീവിതം വൃത്തികെട്ട ജന്തുക്കളുടെ ഉള്ളിലാണ്. പന്നിയുടെ ഉള്ളിൽ അവയെ ധാരാളമായി കാണുവാൻ സാധിക്കും. ഉള്ളിൽ എന്നു പറഞ്ഞാൽ കുടലിൽമാത്രമെന്നു ധരിക്കരുത്. കുടിലിൽനിന്ന് അവ ശരീരത്തിൻെറ നാനാ ഭാഗത്തേയ്ക്കും കടക്കാറുണ്ട്. മാംസത്തിനകത്താണ് അവ തിങ്ങിക്കൂടുന്നത്. ഈ മാംസം നേരാംവണ്ണം വേവിക്കാതെ മനുഷ്യൻ തിന്നുകയാണെങ്കിൽ വെരക്കുഞ്ഞുങ്ങൾക്ക് മനുഷ്യൻെറ കുടലിൽ പ്രവേശനം കിട്ടുന്നു. അവിടെ എത്തിയാൽ അവ വീണ്ടും നാടപോലെ നീളുവാൻ തുടങ്ങും. പിന്നേയും ഇതേ കഥതന്നെ.

ഈ വിചിത്രജീവിയുടെ തലമുറകളുടെ പോക്ക് ഇതാണ്. മനുഷ്യനിൽനിന്നു പന്നിയിലേയ്ക്കു, പന്നിയിൽനിന്നു മനുഷ്യനിലേയ്ക്ക്. മനുഷ്യനിൽനിന്നു നേരെ മറെറാരു മനുഷ്യനിലേയ്ക്കു കടക്കുവാൻ അതിനു കഴിവില്ല. എപ്പോഴും പന്നി ഇടയ്ക്കു വരണം. ഇങ്ങനെയുള്ള ചുററിവരവു വളരെ അപകടമുള്ളതാണ്. മിക്കപ്പോഴും ഈ ചക്രം പൂർത്തി

Digitized by Kerala Sahitya Akademi

യാക്കാൻ കഴിഞ്ഞെന്നുവരികയില്ല. മനുഷ്യനും പന്നിയും ഇടവിട്ടിടവിട്ടു വരേണ്ടിയിരിക്കുന്നു. പന്നിയിറച്ചി നല്ലതുപോലെ വേവിച്ചാൽ വെരക്കുഞ്ഞുങ്ങളെല്ലാം ചത്തുപോകും. ഇങ്ങനെയുള്ള അപകടങ്ങളെല്ലാമുണ്ടായിട്ടും ഈ ജന്തുവിൻെറ വംശം നശിച്ചിട്ടില്ല. അതിങ്ങിനെ തുരുതുരെ കോടികോടി കണക്കിനു മുട്ടയുണ്ടാക്കുന്നതിൽ എന്താണ് അതിശയം.


ഇത്തരം ജന്തുക്കൾ മനുഷ്യനിൽമാത്രമല്ല പക്ഷികളിലും മൃഗങ്ങളിലുമെല്ലാമുണ്ട്. പ്രാവിൻെറയും കോഴിയുടെയും കുടലിൽ ചിലപ്പോൾ ഈ വെള്ളനാടകൾ തിങ്ങിനിറഞ്ഞിരിക്കുന്നതു കാണാം. ഇങ്ങനെ വിളിക്കാത്ത ഈ വിരുന്നുകാരുടെ ശല്യം എത്രയെന്നു പറയാനില്ല. അകത്തേയ്ക്കു ചെല്ലുന്ന ആഹാരത്തിൻെറ നല്ല ഒരു പങ്ക് അവ അപഹരിച്ചുകളയും. കുടലിൽ പററിപ്പിടിച്ച് ഉപദ്രവവുമുണ്ടാക്കും. അത് അങ്ങനെയൊരു ജീവിതം.

Digitized by Kerala Sahitya Akademi

# 13

# ഒട്ടുമീൻ

ഒട്ടുമാവ് കേട്ടിട്ടുണ്ട്, അല്ലേ? രണ്ടു ജാതി മാവുകൾ ഒട്ടിച്ചുണ്ടാക്കിയതാണത്. പക്ഷേ, ഒട്ടുമീൻ ഇങ്ങിനെ ഉണ്ടാക്കിയതല്ല. ഒട്ടിപ്പിടിയ്ക്കാൻ കഴിവുള്ളതുകൊണ്ടാണ് അതിനെ ഇങ്ങിനെ വിളിയ്ക്കുന്നത്. എങ്ങനെയാണ് ഒട്ടിപ്പിടിയ്ക്കുന്നതെന്നു പടത്തിൽ



നോക്കിയാൽ മനസ്സിലാകും. തലയുടെ മേൽവശം കൊണ്ടാണ് അത് ഒട്ടുന്നത്. മററു മത്സ്യങ്ങളുടെയും, ആമയുടെയും കപ്പലുകളുടെയും അടിവശത്ത് അതിങ്ങനെ പററിപ്പിടിയ്ക്കാററുണ്ട്. എന്തൊരു സൌകര്യമാണ് പിന്നെ. നീന്തണ്ട; തുടിയ്ക്കണ്ട; ഉറങ്ങിയാലും തരക്കേടില്ല. ആമയോ, മീനോ, കപ്പലോ പോകുന്ന ദിക്കിലെല്ലാം സുഖമായി സഞ്ചരിയ്ക്കാം. വേണ്ടെന്നു

Digitized by Kerala Sahitya Akademi

തോന്നുമ്പോൾ വിട്ടിട്ടു മിടുമിടുക്കനായി നീന്തുകയും ചെയ്യാം. എന്നാലും അന്യൻെറ ദേഹത്ത് ഒട്ടി നടക്കുന്നതാണ് അതിനിഷ്ടം. മററുള്ളവരുടെ വണ്ടിയിൽ ചെലവില്ലാതെ കയറി നടന്നു ശീലിച്ചവർ സ്വന്തം വണ്ടി വാങ്ങിച്ചാലും പഴയ തൊഴിലു വിടാത്തതു പോലെയാണിത്.

ഒട്ടുമീനിന്ന് ഒന്നുരണ്ടടി നീളം കാണും. അതു നമ്മുടെ കടലിൽ ഉണ്ട്. സമുദ്രജന്തുക്കളെ പ്രദർശിപ്പിയ്ക്കുന്ന കാഴ്ചബംഗ്ലാവുകളിൽ അവയെ കൂടെക്കൂടെ കൊണ്ടുവന്നിട്ടിരിയ്ക്കുന്നതു കാണാം. മുൻവശത്തുള്ള കണ്ണാടിയിൽ അതു വന്നു പററിപ്പിടിയ്ക്കുന്നതു കൌതുകമുള്ള കാഴ്ചയാണ്. തലയുടെ മേൽവശമോ കീഴ്വശമോ ഒട്ടിയിരിയ്ക്കുന്നതെന്നു നാം സംശയിച്ചു പോകും. കീഴ്ച്ചുണ്ടിൻെറ നീളക്കൂടുതലും മേൽഭാഗത്തിൻെറ പരപ്പുംകൊണ്ടാണ്ഇങ്ങിനെ തോന്നുന്നത്. തലയുടെ മുകൾ ഭാഗത്തു ചുമ്മാടു വെച്ചതുപോലെ ഒരു സാധനമുണ്ട്. ഇതാണ് ചിത്രത്തിൽ പ്രത്യേകം കാണിച്ചിരിയ്ക്കുന്നത്. ഒട്ടിപ്പിടിയ്ക്കാനുള്ള കഴിവുള്ളതുകൊണ്ട് ഇതിന്ന് നമുക്ക് ഒട്ട് എന്നു പേരിടാം. അതൊന്നു സൂക്ഷിച്ചുനോക്കിയാൽ തട്ടിൽ വെററില അടുക്കു വെച്ചിരിയ്ക്കുന്നതുപോലെ തോന്നും. അതിന്മേൽ കാണുന്ന ഈ നേരിയ പോളകൾ അരിക് പുറകോട്ടായിട്ടാണ് നില്ക്കുന്നത്. എവിടെയെങ്കിലും ചേർത്തു വെച്ച് ഒട്ട് ഒട്ടാകെ ഒന്നമർത്തുമ്പോൾ ഈ പോളകൾ മുന്നോട്ടു നിവർന്നുവരും. പിന്നെ എത്ര പിടിച്ചാലും അത് ഇളകുകയില്ല. ഇത് എങ്ങിനെയെന്നു നിങ്ങൾ അത്ഭുതപ്പെടുന്നുണ്ടാവും. എന്തോ പശകൊണ്ടായിരിയ്ക്കണമെന്നു സംശയിയ്ക്കുകയും ചെയ്യും. വാസ്തവത്തിൽ അങ്ങനെ യാതൊന്നുമല്ല. ഒരു പത്രമെടുത്തു നിലത്തു പരത്തിയിടുക. എന്നിട്ടതു നടുക്കു പിടിച്ചു പൊക്കി നോക്കുക. അതുനിലത്ത് ഒട്ടിപ്പോയതുപോലെ തോന്നും. പശയുണ്ടായിട്ടല്ല. ഇടയ്ക്കു കാററു കയറുവാനുള്ള വിഷമംകൊണ്ടാണ്.

Digitized by Kerala Sahitya Akademi

ഒട്ടുമീനിന്റെ തലയിലെ ഒട്ടും ഇങ്ങിനെയാണ് ഒട്ടുന്നത്. പോളകൾ അമർന്നു നിവരുമ്പോൾ അവയുടെ ഇടയിലേയ്ക്കു കാറ്റോ വെള്ളമോ ഒട്ടും തന്നെ കടക്കാത്തതുകൊണ്ട് അവ ഒട്ടിപ്പോകുന്നു. ഈ പിടി വിടുവിയ്ക്കുവാൻ വളരെ പണിയാണ്. മീൻതന്നെ വിചാരിച്ചാൽ കാര്യം എളുപ്പമാണ്. അതു വിചാരിയ്ക്കാതെ നമ്മളമാത്രം വിചാരിച്ചാൽ നടപ്പില്ല. നല്ല ബലം പ്രയോഗിച്ച് അതിനെ മുന്നോട്ടു കുറച്ചു ദൂരം തള്ളി നിരക്കിയാലേ സാധിയ്ക്കയുള്ളു. ഇക്കാരണത്താൽ ആമയേയും മററു മത്സ്യങ്ങളേയും പിടിയ്ക്കുന്നതിന്നു ചില രാജ്യക്കാർ ഈ മീനിനെ കയറിൽക്കെട്ടി വിടാറുണ്ട്. അത് എവിടെയെങ്കിലും പാകത്തിന്നു ചെന്നുപററുമ്പോൾ കയറു വലിച്ചാൽ പററിയ സാധനവുംകൊണ്ട് അതിങ്ങു പോരും. കൊണ്ടുവരുന്നത് ആമയോ മീനോ ആയിരിയ്ക്കണമെന്നില്ല. ചിലപ്പോൾ പാറക്കഷണമായിരിയ്ക്കും. നമുക്ക് എന്താണ് ആവശ്യമെന്ന് അതിന് അറിഞ്ഞുകൂടല്ലോ. ഒട്ടുമീൻ വന്നു പററിപ്പോയാൽ കപ്പലുകൾക്കു വേഗം കുറഞ്ഞുപോകുമെന്നൊരു വിശ്വാസം പണ്ടുകാലങ്ങളിലുണ്ടായിരുന്നു. സാധാരണമത്സ്യങ്ങളുടെ മുതുകത്തു കാററുപാ കെട്ടിയതുപോലെ കാണുന്ന ചിറകാണ് ഈ വിചിത്രജന്തുവിൽ ഒട്ടായിത്തീർന്നിട്ടുള്ളതെന്നു ശാസ്ത്രജ്ഞന്മാർ പറയുന്നു. ഇതിനുള്ള തെളിവുകൾ വിവരിയ്ക്കുവാൻ ഒരുങ്ങുന്നില്ല. അതിലും ഒട്ടു പരമാർത്ഥമുണ്ടെന്ന് ആലോചിച്ചുനോക്കിയാൽ നിങ്ങൾക്കുതന്നെ മനസ്സിലാകും.

Digitized by Kerala Sahitya Akademi


# 14

# വിളാങ്ക്

പാമ്പിൻെറ കൂട്ടത്തിൽ ചെല്ലുമ്പോഠം തല കാണിയ്ക്കും. മീനിൻെറ കൂട്ടത്തിൽ ചെല്ലുമ്പോഠം വാലു കാണിയ്ക്കും. രണ്ടിടത്തും ചേരും. എന്താ അതൊരു വിദ്യയല്ലേ? വിദ്യയാണ്, ശരിതന്നെ. പക്ഷേ, അതൊരു ചീത്ത വിദ്യയാണ്. അങ്ങു മുണ്ട് ഇങ്ങുമുണ്ട് എന്ന രീതി. എവിടെയെങ്കിലും ഒരിടത്തു ധൈര്യത്തോടെ ചേർന്നുനില്ക്കണം. അല്ലെങ്കിൽ എങ്ങും ചേരരുത്; തനിയേ നില്ക്കണം. രണ്ടായാലും ധൈര്യവും മനക്കരുത്തും കൂടിയേ കഴിയൂ. മററതു കള്ളത്തരമാണ്. വലിയ ഭീരുത്വം. വിളാങ്കിനു പണ്ടേയുള്ള ദുഷ്പേരാണിത്. വാസ്തവത്തിൽ അതിൻെറ തലയും വാലുമല്ല പിഴച്ചത്, ഉടലാണ്. അതു കുറച്ചു നീണ്ടുപോയതാണ് ഈ ചീത്തപ്പേരിനൊക്കെ കാരണം. അതു ശരിയ്ക്ക് ഒരു മീനാണെങ്കിലും ശരീരത്തിൻെറ നീളംകൊണ്ടാണ് പാമ്പാണെന്നു സംശയിയ്ക്കുന്നത്. വരാൽ എന്നൊരു മത്സ്യത്തെ നിങ്ങഠം കണ്ടുകാണും. അതിൻെറ ഉടലെല്ലാം മറച്ചുവെച്ചു തലമാത്രം കാണുകയാണെങ്കിൽ നല്ല രസികൻ പാമ്പാണെന്നേ പറയുകയുള്ളു. തല കൊണ്ടു പാമ്പാകുമെങ്കിൽ വിളാങ്കല്ല വരാലാണ് അതിന്നവകാശി. പക്ഷേ, വരാലിന്ന് ഈ ദുഷ്പേരില്ല. അതുകൊണ്ടു വിളാങ്കിൻെറ തലയല്ല ഉടലാണ് അതിനെ ചതിയ്ക്കുന്നത്. അതിനെന്തു ചതിവു പററാനാണ്; ഇതെല്ലാം കെട്ടുകഥയല്ലേ. നമ്മളാണ് ചതിയ്ക്കപ്പെടുന്നത്; അതിനെക്കണ്ടു പാമ്പാണെന്നു വിചാരിച്ചു ഞെട്ടിപ്പോകുന്നത്.

Digitized by Kerala Sahitya Akademi

വിളാങ്ക് പല വലിപ്പത്തിലുണ്ട്. കടലിലുള്ള ചില ജാതിക്ക് ഏഴെട്ടടിവരെ നീളം കാണും. പാമ്പല്ല മീനാണെന്ന് പറഞ്ഞാലും കാണുന്നവർ വിശ്വസിയ്ക്കുകയില്ല. പാമ്പിൻെറ ഉരുണ്ട് നീണ്ട് വളഞ്ഞു





പുളയുന്ന രൂപം നാം അറിയാതെതന്നെ നമ്മെ പേടിപ്പിയ്ക്കുന്നതു നോക്കുക. മറെറാന്നും വേണ്ട, ആ രൂപം ഒന്നു കണ്ണിൽപ്പെട്ടാൽ മതി, നമ്മുടെ ദേഹത്തു കുളിര് കോരിയിടുകയായി. ചിലതരം വിളാങ്കിന് ഇതിനും പുറമെ വള്ളിയും പുള്ളിയും മററും കാണും.

ഒരുപദ്രവവും ചെയ്യാത്ത ഈ നീണ്ടുനീണ്ട വെറും മീനിൻെറ ചരിത്രം വിചിത്രമാണ്. കടലിലും പുഴയിലുമായിട്ടാണ് അതിൻെറ ആയുസ്സ് കഴിയുന്നത്. ഒരേ കാലത്തല്ല; ഓരോരോ പ്രായത്തിൽ. ഉപ്പിൻെറ മയംപോലുമില്ലാത്ത പുഴകളിൽ ജീവിയ്ക്കുന്ന വിളാങ്കുകൾ മുട്ടയിടാറാകുമ്പോൾ കടലിലേയ്ക്ക് പോകുന്നു. കടലിൽ എവിടെയെങ്കിലും പോയി മുട്ടയിടുകയാണെന്ന് ധരിക്കരുത്. അതിന് പ്രത്യേകം സ്ഥാന

Digitized by Kerala Sahitya Akademi

ങ്ങളുണ്ട്. സമുദ്രത്തിൻെറ ആഴവും വെള്ളത്തിൻെറ ചൂടും എല്ലാം പാകത്തിന് കിട്ടണം. ഇത് കിട്ടുവാൻ വേണ്ടി ചിലതരം വിളാങ്കുകൾ മൂവായിരവും നാലായിരവും നാഴിക ദൂരം കടലിലൂടെ സഞ്ചരിക്കാറുണ്ട്. അവിടെ എത്തി മുട്ടയിട്ടതിനുശേഷം അവ ചത്തുപോകുന്നു. ഈ വഴിയത്രയും തിരിച്ചുചവിട്ടുക എന്നത് സാധ്യമല്ല. മുട്ട വിരിഞ്ഞുണ്ടാകുന്ന കുഞ്ഞുങ്ങൾ പരന്നു കണ്ണാടിപോലെയിരിക്കും. വിളാങ്കിൻെറ ഇരുണ്ട നിറമോ, നീണ്ട ആകൃതിയോ ഒന്നും കാണുകയില്ല. ഇവ നടുക്കടലിൽനിന്ന് തീരങ്ങളുടെനേർക്ക് തിരിയ്ക്കുന്നു. രണ്ടും മൂന്നും വർഷംകൊണ്ടേ അങ്ങെത്തുകയുള്ളു. കരയടുക്കുമ്പോഴേയ്ക്ക് അവ കുറച്ചൊക്കെ വളർന്നിരിക്കും. എന്നാലും വിളാങ്കിൻെറ കുഞ്ഞാണെന്ന് പറയുകയില്ല. ഈ രൂപത്തിലാണ് അവ പുഴകളിൽ പ്രവേശിക്കുന്നത്.അവയുടെ എണ്ണം ലക്ഷക്കണക്കിലെത്തും. തക്കസമയത്തു വലയിട്ട് ഒന്നു കോരിയാൽ പൊക്കാൻ സാധിയ്ക്കാത്തവണ്ണം വിളാങ്കിൻകുഞ്ഞുങ്ങളെ പിടിക്കാൻ സാധിയ്ക്കും. പുഴകളിൽ കടന്ന് ഓര് വരാത്ത സ്ഥാനങ്ങൾ നോക്കിയാണ് അവ പോകുന്നത്. അവിടെയാണ് മുട്ടയിടാറാകുന്നതുവരെയുള്ള പിന്നത്തെ ജീവിതം. ആ സമയം വരുമ്പോൾ അവ തിരിച്ചുവരാത്ത ആ യാത്രയ്ക്ക് ഒരുങ്ങുന്നു. പുഴകളിലെത്തിയാൽ അധികം താമസിയാതെ അതിൻെറ രൂപം മാറിവരുന്നത് കാണാം. പിന്നെയാണ് മനുഷ്യർക്ക് അതിനെ കണ്ടാൽ പേടി തുടങ്ങുന്നത്.

എല്ലാത്തരം വിളാങ്കുകളും മുട്ടയിടുവാൻവേണ്ടി ഇത്രയധികം ദൂരം സഞ്ചരിയ്ക്കാറില്ല. എന്നാലും ചിലതെങ്കിലും അങ്ങനെ ചെയ്യുന്നത് എന്തൊരത്ഭുതമാണെന്ന് ആലോചിച്ചുനോക്കുക. കുറച്ചൊന്നുമല്ല, 4000 നാഴിക!

Digitized by Kerala Sahitya Akademi

# 15


# കുമിഴൻ

പച്ചിലപ്പുഴു പൂമ്പാററയാകുമെന്ന് നിങ്ങളെല്ലാവരും കേട്ടിട്ടുണ്ടല്ലോ. നിങ്ങളുടെ പ്രായത്തിൽ ഞാനും അത് മനസ്സിലാക്കിയിരുന്നു. സംശയം തോന്നുന്നെങ്കിൽ, അത്ഭുതകരമായ ഈ സംഗതി തന്നത്താൻ പരീക്ഷിച്ച് നോക്കാവുന്നതാണെന്നും ആരോ പറയുകയുണ്ടായി. സംശയംകൊണ്ടല്ലെങ്കിലും അതൊന്ന് നേരിട്ടുകണ്ട് മനസ്സിലാക്കുവാനുള്ള കൗതുകംകൊണ്ട് ഞാനതിന് തുനിയുകയും ചെയ്തു. എവിടെയൊക്കെയോ അന്വേഷിച്ച് ഒരു തടിയൻ പച്ചിലപ്പുഴുവിനെ സമ്പാദിച്ചു. അതിനെ കണ്ടാൽ പേടിതോന്നും. പുറകിലെ അററത്ത് ഒരു കൊമ്പും ഇരുവശത്തും ഇരുണ്ട പുള്ളികളുമുള്ള ഒരുതരം പുഴുവാണത്. അതിൻെറ ആർത്തികണ്ടാൽ ഒരു മരം മുഴുവനേ അങ്ങു വിഴുങ്ങിക്കളയുമെന്ന് വിചാരിയ്ക്കും. ഏതായാലും കുറേ അധികം പ്രയാസംകഴിച്ച് അതിനെ ഞാൻ പിടിച്ചൊരു പെട്ടിയിലാക്കി. അതിരുന്ന ചെടിയുടെ ഇല തന്നെ പറിച്ചു കൊണ്ടുവന്നു തീററി കൊടുക്കുകയും ചെയ്തു. ഒന്നു രണ്ട് ദിവസത്തേയ്ക്ക് അതിന് യാതൊരു മാററവും കണ്ടില്ല. അത് പട്ടുകൊണ്ടുള്ള ഒരു കൂട് കെട്ടുന്നത് കാണുവാനാണ് ഞാൻ കാത്തിരുന്നത്. മൂന്നാം ദിവസം അതിന് വല്ലാത്ത ഒരു തളർച്ച കണ്ടു. പുതിയ ഇല കൊടുത്തിട്ടും തിന്നില്ല. അതിൻെറ ഉത്സാഹവും നശിച്ചു. ഒരുപക്ഷേ, കൂടുണ്ടാക്കുവാനുള്ള ഒരുക്കമായിരിയ്ക്കുമെന്നു കരുതി ഞാൻ പിന്നേയും കാത്തിരുന്നു. അടുത്ത ദിവസം കാലത്തു നോക്കിയപ്പോഠം അതിൻെറ മട്ടൊക്കെ മാറിക്കണ്ടു. അതിൻെറ പുറത്തെല്ലാം അനേകം വെളുത്ത മൊട്ടുകഠം

Digitized by Kerala Sahitya Akademi

കിളിർത്തുനിൽക്കുന്നു. മഴയത്തു കിടന്ന് നനഞ്ഞു കുതിർന്ന തടിക്കഷ്ണത്തിന്മേൽ ചെറിയ ചെറിയ കുമിഴ് കുരുത്തുവരുന്നതാണ് അതു കണ്ടപ്പോൾ എനിയ്ക്കോർമ്മ വന്നത്. എന്തൊരു അത്ഭുതമാണെന്ന് ഓർത്തുനോക്കുക. പുഴുവിൻെറ പുറത്തു കുമിഴു മുളയ്ക്കുന്നു! മനുഷ്യൻെറ ദേഹത്ത് മഞ്ഞളുണ്ടാകുന്നതുപോലെയല്ലേ ഇത്?

ഇങ്ങനെ നിരാശയാണുണ്ടായതെങ്കിലും കുറച്ചു കൂടി നോക്കാമെന്നുതന്നെ ഞാൻ നിശ്ചയിച്ചു. രണ്ടു മൂന്നു ദിവസം കൂടി കഴിഞ്ഞപ്പോൾ ഈ മൊട്ടുകളുടേയും മട്ടു മാറി. പുഴു മിക്കവാറും ചത്തു എന്ന



നിലയെത്തി. അനക്കമൊന്നുമില്ല. അതിൻെറ പുറത്തുണ്ടായ വെളുത്ത കൂമ്പുകൾ കുമിഴുകളല്ലെന്നു തീർച്ചയായി. അവയുടെ അകത്തെല്ലാം കണ്ണും തലയും കാലുമുള്ള ഓരോ ചെറിയ പ്രാണി ഞെരുങ്ങിയിരിയ്ക്കുന്നു! ഒരു ദിവസം കൂടി കഴിഞ്ഞപ്പോൾ അവ അനങ്ങിത്തുടങ്ങി. ക്രമേണ അവ ഓരോന്നായി പുറത്തു കടന്നു. സ്വല്പനേരം ചുററിപ്പററി നിന്നിട്ടു

Digitized by Kerala Sahitya Akademi

ചിറകു വിതിർത്തു പറന്നുപോകയും ചെയ്തു. കലാശം നന്നായില്ലേ? ഇതിൻെറ രഹസ്യം മനസ്സിലായതു വളരെ നാൾ കഴിഞ്ഞിട്ടാണ്. ആ ചെറുപ്രാണികൾ ഒരു പ്രത്യേകജാതി കടന്നലാണ്. കുമിഴുപോലെ മുളച്ചുവരുന്നതുകൊണ്ടു നമുക്കതിനു കുമിഴൻകടന്നൽ എന്നു പേരിടാം. ഓമനപ്പേരായി കുമിഴനെന്നും വിളിയ്ക്കാം. നോക്കിയിരുന്നതു പൂമ്പാററ; പുറത്തു വന്നതു പാഴ്കുമിഴൻ!!


ഈ കുമിഴന്മാർ എത്രയോ ജാതിയുണ്ട്. ഒരു ജാതിയെ ചിത്രത്തിൽ പ്രത്യേകം കാണിച്ചിട്ടുണ്ട്. കുമിഴന്മാരെല്ലാം പുഴുക്കളുടെയും അതുപോലെയുള്ള മററു ജീവികളുടെയും ശരീരം തുളച്ചാണ് മുട്ടയിടുന്നത്. അവയുടെ കൂർത്ത വാല് അതിനുള്ളതാണ്. മുട്ടയെല്ലാം അന്യജന്തുക്കളുടെ അകത്തു കിടന്നു വിരിയും. കുഞ്ഞുങ്ങൾക്കു നല്ല കോളാണ്. പച്ച മാംസംതന്നെ തിന്നാം. തിന്നുതിന്നു വലുതാകുമ്പോഴാണ് അവ പുറത്തു വരുന്നത്. അവയ്ക്കു് ഇരയായ ജന്തുവിനു മരണമേ ഗതിയുള്ളു. അകത്തുനിന്നല്ലേ ആക്രമിയ്ക്കുന്നത്. എന്തുചെയ്യാൻ സാധിയ്ക്കും? അന്നു ഞാൻ വളർത്തിയ പച്ചിലപ്പുഴുവിനും ഇതു തന്നെയാണ് സംഭവിച്ചത്. അതിനു കൂടുണ്ടാക്കി പൂമ്പാററയാകാൻ സാധിച്ചില്ല. അതിനുമുമ്പ് അതിൻെറ ഉടലിന് എങ്ങുനിന്നോ വന്ന അവകാശികളുണ്ടായി. കാര്യമൊക്കെ മനസ്സിലായെങ്കിലും അന്ന് എനിയ്ക്കു പററിയ അമളിയോർത്തു ഞാൻ ഇപ്പോഴും ചിരിയ്ക്കാറുണ്ട്. നോക്കിയിരുന്നതു പൂമ്പാററ; പുറത്തു വന്നതു പാഴ്കുമിഴൻ!!

Digitized by Kerala Sahitya Akademi

## 16

# മരയോന്ത്

സാധാരണ ഓന്തിൽനിന്നു വേർതിരിച്ചറിയുന്നതിന്നുവേണ്ടിയാണ് ഇങ്ങനെ ഒരു പേരുണ്ടാക്കിയത്. ഈ ഓന്തിനു മരത്തിന്മേൽ മാത്രമേ ജീവിക്കാനും കഴിവുള്ളു.



കണ്ടാൽ ഇത്ര അഴകില്ലാത്ത ഒരു ജന്തു വേറെ ഉണ്ടെന്നു തോന്നുന്നില്ല. ഇങ്ങിനെയും ഉണ്ടോ ഈശ്വ

Digitized by Kerala Sahitya Akademi

രസ്സൃഷ്ടി എന്നു തോന്നിപ്പോകും. മെലിഞ്ഞു പരന്ന ശരീരം. ചുള്ളിക്കൊമ്പുപോലുള്ള കൈകാലുകൾ. ഏങ്കോണിച്ച തല. തലയേക്കാൾ വലിയ വായ്. ചെടിക്കൊമ്പുകളിൽ ചുരുട്ടിപ്പിടിയ്ക്കാവുന്ന ഘനം കുറഞ്ഞ വാല്. പച്ചിലപ്പടർപ്പിൽ ഇരിയ്ക്കുമ്പോൾ നിറം നല്ല പച്ചയായിരിയ്ക്കും. എത്രനേരം വേണമെങ്കിലും ഒരേ നിലയിൽ അനങ്ങാതെ ഇരിയ്ക്കാൻ കഴിവുള്ളതുകൊണ്ട് ഇലകളുടെ ഇടയ്ക്കുനിന്നു കണ്ടുപിടിയ്ക്കുവാൻ വളരെ പ്രയാസമാണ്. ഓന്ത് നിറം മാറുമെന്നുള്ള വസ്തുത പ്രസിദ്ധമാണല്ലോ. മരയോന്തിൻെറ കാര്യത്തിലാണ് ഈ കഴിവ് ഏററവും കൂടുതലായി കാണുന്നത്. ചുററുപാടുകളുടെ നിറംതന്നെ അതിന്നും ക്ഷണേന കൈവരുന്നു.

മരയോന്തിൻെറ കണ്ണു വളരെ വിശേഷപ്പെട്ടതാണ്. മററു ജന്തുക്കളുടെ കാര്യത്തിലെന്നപോലെ അതിൻെറ കൺമണി നമുക്കു കാണാൻ വയ്യ. കണ്ണൻ ചിരട്ട പോലുള്ള ഒരു കൺപോളകൊണ്ട് അതു മൂടപ്പെട്ടിരിയ്ക്കുന്നു. ഇതിൻെറ നടുവിൽ ഒരു ചെറിയ ദ്വാരമേയുള്ളു. നോട്ടമെല്ലാം ഈ ദ്വാരത്തിലൂടെയാണ്. ഏതു ചൊവ്വിനു നോക്കുന്നുവോ ആ ചൊവ്വിന് ഈ ദ്വാരവും തിരിയുന്നതു കാണാം. ഓരോ കണ്ണിനും തോന്നിയ വഴിയ്ക്കു നോക്കാമെന്നുള്ളതാണ് ഏററവും അത്ഭുതകരമായിരിയ്ക്കുന്നത്. വലത്തുകണ്ണു മുമ്പോട്ടും ഇടത്തു കണ്ണു പിമ്പോട്ടും തിരിച്ചുനോക്കുവാൻ അതിനു വിഷമമില്ല. വേണമെങ്കിൽ ഒന്നുകൊണ്ടു താഴോട്ടും മററതുകൊണ്ടു മേലോട്ടും നോക്കാം. നമുക്ക് ഇങ്ങനെ ഒരഭ്യാസം സാധ്യമല്ല. കോങ്കണ്ണന്മാരുടെ കണ്ണുകൾപോലും ഒരുമിച്ചേ തിരിയുകയുള്ളു. നമ്മുടെ കണ്ണുകൾ തലയുടെ മുൻവശത്താണല്ലോ ഉറപ്പിച്ചിരിയ്ക്കുന്നത്. ഓന്തിൻേറത് ഇങ്ങിനെയല്ല, തലയുടെ രണ്ടു വശത്തുമാണ്. ഓന്തു വെറുതെയിരിയ്ക്കുമ്പോൾ അവ ഇടത്തോട്ടും വലത്തോട്ടുമാണ് നോക്കുന്നത്, മുമ്പോട്ടല്ല. നിങ്ങൾക്ക്

Digitized by Kerala Sahitya Akademi

എപ്പോഴെങ്കിലും ഒരു മരയോന്തിനെ അടുത്തു കാണാൻ തരം കിട്ടിയാൽ അതിൻെറ കണ്ണുകൊണ്ടുള്ള സർക്കസ്സുകഠം നോക്കാൻ വിട്ടുപോകരുത്. നിങ്ങഠം ചിരിച്ചുചിരിച്ചു തലതല്ലും.

മെലിഞ്ഞ കൈകാലുകളെപ്പററി പറഞ്ഞുവല്ലോ. വേറെ ഒരു വിശേഷംകൂടിയുണ്ട്. വിരലുകഠം വെവ്വേറെ കാണുകയില്ല. ഓരോ കയ്യിലുള്ളതും രണ്ടുകൂട്ടമായി ഒട്ടിച്ചേർന്നിരിയ്ക്കുകയാണ്. കാലിലേതും അങ്ങിനെതന്നെ. ഈ വിരൽക്കൂട്ടങ്ങളുടെ സഹായത്താൽ മരയോന്തിനു കൊമ്പുകളിൽ ചുററിപ്പിടിയ്ക്കുവാൻ കഴിയും. ഒരു പിടി വിട്ടു മറെറാന്ന് ഉറപ്പിയ്ക്കുവാൻ കുറച്ചു സമയമെടുക്കും. വളരെ പതുക്കെയാണ് ഇതു ചെയ്യുന്നത്. നോക്കിക്കൊണ്ടു നിന്നാൽ നമുക്കു ക്ഷമ കെട്ടുപോകും. നടക്കുന്നതിനെക്കാഠം ഇരിയ്ക്കുവാനാണ് അതിഷ്ടപ്പെടുന്നത്. ദേഹത്തു കടിച്ച ഉറുമ്പിനെ തുടച്ചുകളയാൻപോലും മനസ്സു തോന്നാത്ത ചില മടിയന്മാരെ നിങ്ങഠം കണ്ടിട്ടുണ്ടാവും. മരയോന്തിനെക്കണ്ടാൽ നിങ്ങഠം അവരുടെ സ്വഭാവം ഓർമിച്ചുപോകും.

പക്ഷേ, അതിനു വേഗത്തിൽ യാതൊന്നും ചെയ്യാൻ കഴിയില്ലെന്നു ധരിയ്ക്കരുത്. അതു തീററി പിടിയ്ക്കുന്നതു കാണേണ്ട കാഴ്ചയാണ്. മുമ്പിലെങ്ങാനും ഒരു ഈച്ചയോ മറേറാ വന്നു പററി എന്നിരിയ്ക്കട്ടെ; ഓന്ത് അതിനെ ആദ്യം ഒരു കണ്ണുകൊണ്ടും പിന്നീടു രണ്ടു കണ്ണും ഉപയോഗിച്ചും സൂക്ഷിച്ചു നോക്കും. ഇരിയ്ക്കുന്ന ഇരിപ്പ് അത്ര ശരിയായില്ലെന്നു തോന്നിയാൽ പതുക്കെ ഒന്ന് ഇളകി സ്ഥാനമുറപ്പിയ്ക്കും. ഉടനെതന്നെ വായ് തുറന്നു വരുന്നതു കാണാം. അതിൻെറ അകത്തുനിന്നു പെൻസിലുപോലുള്ള ഒരു നാക്കു പുറത്തേയ്ക്കു നീളുന്നു. ആറേഴിഞ്ച് അകലെയാണ് ഈച്ച ഇരിയ്ക്കുന്നത്. അതു സുഖമായിരുന്നു ചിറകു മിനുക്കുകയാണ്. ഇഴയും സ്വഭാവക്കാരനായ ഓന്ത് ഇത്ര അകലെ ഇരുന്ന്

Digitized by Kerala Sahitya Akademi

എങ്ങിനെയാണ് അതിനെ പിടിയ്ക്കുവാൻ പോകുന്ന തെന്നു നാം വിസ്മയിയ്ക്കും. നാക്ക് വായ്ക്കകത്തു നിന്ന് ഏകദേശം രണ്ടിഞ്ചോളം നീളുന്നു. പെട്ടെന്ന് എന്തോ ഒരു മിന്നൽപോലെമാത്രം കാണാം. എന്താണ് സംഭവിച്ചത്? ഈച്ചയെ കാണാനില്ല. അതു പറന്നു പോയോ? ഇല്ല. അത് ഓന്തിൻെറ വായിലേയ്ക്കു തന്നെയാണ് മറഞ്ഞത്. ആ നാക്ക് ഈ ഇരുന്ന സ്ഥാനംവരെ എത്തി; ഏഴിഞ്ചു ദൂരം!! ഓന്തിൻെറ ഉടലിനുതന്നെ അത്രയും നീളമില്ല. നാക്കിൻെറ അററം നല്ല പശയുള്ളതാണ്. അതു നീളുന്നതും ഈച്ചയെ ഒട്ടിച്ചെടുത്തുംകൊണ്ടു വായിലേയ്ക്കു ചുരുങ്ങുന്നതും നമുക്കു കാണാൻ കഴിയാത്ത വേഗത്തിലാണ് സംഭ വിയ്ക്കുന്നത്. ഈ ഒരു പ്രയോഗത്തിനു, മരയോ ന്തിനു നമുക്കു സമ്മാനം കൊടുക്കാം. നാം എത്ര സൂക്ഷിച്ചു നോക്കിയാലും അതു കാണുകയില്ല. 'ഠക്'——അത്രതന്നെ.

മെലിഞ്ഞു പരന്നിരിയ്ക്കുന്നെങ്കിലും മരയോ ന്തിന് ആവശ്യമെന്നു തോന്നിയാൽ അകത്തു കാററു നിറച്ച് ഉടലു വീർപ്പിയ്ക്കുവാൻ കഴിയും. കഴുത്തും നെഞ്ചും വയറുമെല്ലാം വീർക്കും. ശത്രുക്കളെ പേടി പ്പിയ്ക്കുവാനാണ് അത് ഈ വിദ്യ പ്രയോഗിയ്ക്കുന്നത്.

*

Digitized by Kerala Sahitya Akademi

# പ്രകൃതിപാഠങ്ങൾ

## ഡോക്ടർ കെ. ഭാസ്കരൻനായർ

കേരളത്തിലെ ശാസ്ത്രജ്ഞരിൽ സാഹിത്യകാരനും, സാഹിത്യകാരന്മാരിൽ ശാസ്ത്രജ്ഞനും രണ്ടിലും ഒന്നാംകിടക്കാരനുമായ ഡോക്ടർ കെ. ഭാസ്കരൻനായർ പ്രകൃതിയിലെ ചില ജീവികളേയും അത്ഭുതപ്രതിഭാസങ്ങളേയും കുട്ടികൾക്ക് (മുതിർന്നവർക്കും) പരിചയപ്പെടുത്തുന്ന രസകരമായ സചിത്ര ശാസ്ത്രലേഖനങ്ങളുടെ സമാഹാരമാണ് പ്രകൃതിപാഠങ്ങൾ. താൻ എഴുതുന്നത് സാമാന്യ വായനക്കാർക്ക് പ്രയോജനകരവും ആകർഷകവുമാകണമെന്ന് നിഷ്കർഷയുള്ള അദ്ദേഹം വിദ്യാർത്ഥികളെപ്പോലുള്ള വായനക്കാരുടെ ഉള്ളിൽ തട്ടുംവണ്ണം നാടൻപ്രയോഗങ്ങളും ദൃഷ്ടാന്തങ്ങളും ഉപയോഗിക്കുന്നതിൽ ശ്രദ്ധിക്കുന്നു. ശാസ്ത്രപരമായ രചനകൾക്കു വൈശദ്യവും ലാളിത്യവും സാഹിത്യഭംഗിയും നൽകുന്ന ഡോ. ഭാസ്കരൻനായർ ശാസ്ത്രസാഹിത്യകാരന്മാർക്കു ഏററവും മികച്ച മാതൃകയാണ്.

വില: ക. 11.00

**ഒരു മാതൃഭൂമി പ്രസിദ്ധീകരണം**

Digitized by Kerala Sahitya Akademi

# പ്രകൃതിപാഠങ്ങൾ

---

## ഡോക്ടർ കെ. ഭാസ്കരൻനായർ

കേരളത്തിലെ ശാസ്ത്രജ്ഞരിൽ സാഹിത്യകാരനും, സാഹിത്യകാരന്മാരിൽ ശാസ്ത്രജ്ഞനും രണ്ടിലും ഒന്നാംകിടക്കാരനുമായ ഡോക്ടർ കെ. ഭാസ്കരൻനായർ പ്രകൃതിയിലെ ചില ജീവികളേയും അത്ഭുതപ്രതിഭാസങ്ങളേയും കുട്ടികൾക്ക് (മുതിർന്നവർക്കും) പരിചയപ്പെടുത്തുന്ന രസകരമായ സചിത്ര ശാസ്ത്രലേഖനങ്ങളുടെ സമാഹാരമാണ് പ്രകൃതിപാഠങ്ങൾ. താൻ എഴുതുന്നത് സാമാന്യ വായനക്കാർക്ക് പ്രയോജനകരവും ആകർഷകവുമാകണമെന്ന് നിഷ്കർഷയുള്ള അദ്ദേഹം വിദ്യാർത്ഥികളെപ്പോലുള്ള വായനക്കാരുടെ ഉള്ളിൽ തട്ടുംവണ്ണം നാടൻപ്രയോഗങ്ങളും ദൃഷ്ടാന്തങ്ങളും ഉപയോഗിക്കുന്നതിൽ ശ്രദ്ധിക്കുന്നു. ശാസ്ത്രപരമായ രചനകൾക്കു വൈശദ്യവും ലാളിത്യവും സാഹിത്യഭംഗിയും നൽകുന്ന ഡോ. ഭാസ്കരൻനായർ ശാസ്ത്രസാഹിത്യകാരന്മാർക്കു ഏറ്റവും മികച്ച മാതൃകയാണ്.

വില: ക. 11.00

**ഒരു മാതൃഭൂമി പ്രസിദ്ധീകരണം**

Digitized by Kerala Sahitya Akademi